# തിരുഹൃദയ മാസിക

(Sacred Heart Monthly)

Vol. 83
2018 September

**83**
Years of Publication

*Patron*

✠ **Mar Mathew Moolakkatt**
Archbishop of Kottayam

*Co-Patron*

✠ **Mar Joseph Pandarasseril**
Auxiliary Bishop of Kottayam

*Editor*

**Fr. Mathew Kuriathara**
S.H.Monthly
Catholic Mission Press Building
K.K. Road
Kottayam - 686 001

## ഈ ലക്കത്തിൽ

➲ കൂരിയ വാർത്തകൾ
➲ അജപാലന കേന്ദ്ര പ്രോഗ്രാമുകൾ
ചൈതന്യ
ചൈതന്യ കമ്മീഷൻസ് പ്രോഗ്രാം
തൂവാനിസ പ്രോഗ്രാം
➲ അതിരൂപതാ പാസ്റ്ററൽ കമ്മീഷൻസ്
ബൈബിൾ കമ്മീഷൻ
കരിസ്മാറ്റിക് കമ്മീഷൻ
ഫാമിലി കമ്മീഷൻ
➲ പയസ് അസോസിയേഷൻസ്
ചെറുപുഷ്പ മിഷൻലീഗ്
സെന്റ് വിൻസന്റ് ഡി പോൾ സൊസൈറ്റി
ലീജിയൺ ഓഫ് മേരി
➲ സോഷ്യൽ ആക്ഷൻ കമ്മീഷൻ
കെ.എസ്.എസ്.എസ്.
മാസ്സ്
➲ അഭി. പിതാക്കന്മാരുടെ ഡയറി
Engagements
Mar Mathew Moolakkatt
Mar Joseph Pandarasseril
➲ പൗരോഹിത്യ ആദ്ധ്യാത്മികത:
സുവിശേഷ വിചിന്തനങ്ങൾ
➲ പൊതുവാർത്തകൾ

**വാർഷിക വരിസംഖ്യ**

75 രൂപ (ഇന്ത്യ)
500 രൂപ (വിദേശം)

# കൂരിയ വാർത്തകൾ

Kottayam Archdiocese

**Archdiocesan Flood Relief Fund as on 2018 Sept 3**

## Fund Received from Parishes

| Forane | Name of Parish | Amount | |
|---|---|---|---|
| | Caritas | 100000 | |
| | Charamangalam | | |
| | East Nattassery | | |
| | Edackad | | |
| | Kannamkara | | |
| | Cathedral | 125020 | |
| | Kumarakom | | |
| Edacad | Malloossery | | 524490 |
| | Neericad | | |
| | Olessa | | |
| | Pachira | | |
| | Peroor | | |
| | S.H. Mount | 75000 | |
| | Samkranthy | 224470 | |
| | Vakathanam | | |
| | Veliyanad | | |
| | Chunkom | 700000 | |
| | Karimkunnom | 700000 | |
| | Manakkad | 15000 | |
| Chunkom | Marika | | 1512994 |
| | Mrala | 81994 | |
| | Muttom | | |
| | Parambanchery | | |
| | Vadakkummury | 16000 | |
| | Varapetty | | |
| | Chamakkala | 50000 | |
| | Ettmunanoor | | |
| | Kaipuzha | | |
| Kaipuzha | Kallara Old | 166580 | |
| | Kurumulloor | 100000 | 551580 |
| | Makudalayam | | |

| | | | |
|---|---|---|---|
| | Mannanam | | |
| | Neendoor | 110000 | |
| | Vechoor | | |
| | Palathuruth | 125000 | |
| Kaduthuruthy | Arunnoottymangalam | | 1249529 |
| | Eravimangalam | 175000 | |
| | Kaduthuruthy | 103200 | |
| | Kallara New | 172701 | |
| | Karippadam | 208628 | |
| | Kuruppanthara | | |
| | Memmury | 235000 | |
| | Kothanalloor | 25000 | |
| | Neezhoor | | |
| | Pazhuthuruth | 30000 | |
| | Poozhikol | 300000 | |
| | Thottara | | |
| Piravom | Piravom | 205000 | |
| | Kakkanad | | 226000 |
| | Mangidappally | | |
| | Mevelloor | | |
| | Ramamangalam | 21000 | |
| Kidangoor | Cherpunkal | | |
| | Cherukara | | |
| | Kattachira | | |
| | Kidangoor | 221220 | 486720 |
| | Koodalloor | 165500 | |
| | Maridom | 100000 | |
| | Mattakkara | | |
| | Punnathura East | | |
| Malankara | Barton Hill Road, Trivandrum | 100000 | |
| | AIYATHALA | | |
| | Chengalam | | |
| | Eraviperoor | | |
| | Chingavanam | | |
| | Kallissery | | |
| | Kattodu | | |
| | Kuttoor | | 106990 |
| | Ranni | | |
| | Thengely | | |

| | | | |
|---|---|---|---|
| | Thuruthickad | | |
| | Ramamangalam | | |
| | Vidhura | 5000 | |
| | Punaloor | 1990 | |
| | Othara | | |
| | Thiruvanvandoor | | |
| | Bisonvalley | 9700 | |
| Padamugham | Chakkupallam | | 37151 |
| | Kattappana | | |
| | N.R.City | | |
| | Padamugham | 27451 | |
| | Poothaly | | |
| | Senapathy | | |
| | Thadiyampadu | | |
| | Thellithodu | | |
| | Amanakara | 125000 | |
| Uzhavoor | Areekara | 215000 | |
| | Chettukulam | 123520 | |
| | Edakoly | | |
| | Monipally | 352720 | 1998725 |
| | Pius Mount | | |
| | Puthuvely | 170000 | |
| | Uzhavoor | 812485 | |
| | Veliyannoor | 200000 | |
| **Madampam** | **Alex Nagar** | | |
| | **Arayangad** | | |
| | **Kanamvayal** | | |
| | **Kottoorvayal** | | |
| | **Nuchiyad** | | |
| | **Madampam** | 151500 | |
| | **Michaelgiri** | | |
| | **Panniyal** | | 431604 |
| | **Payyavoor** | 100000 | |
| | **Peringala** | | |
| | **Thiroor** | 31750 | |
| | **Chamathachal** | | |
| | **Payavoor Town** | 148354 | |
| | **Kannur** | | |
| | **Pothukuzhy** | | |
| | **Manjakad** | | |

| | | | |
|---|---|---|---|
| Perikalloor | Echome | | |
| | Kappiset | 21250 | |
| | Perikalloor | 50610 | |
| | Pulinjal | | |
| | Puthussery | | |
| | Pius Nagar | 53000 | |
| | Thettamala | 11944 | 136804 |
| | Christ Nagar | | |
| Rajapuram | Airode | 60000 | |
| | Chullikkara | | |
| | Ayyamkavu | | |
| | Kallar | 102000 | 803624 |
| | Kottodi | 40000 | |
| | Malakkallu | | |
| | Odeyamchal | 120000 | |
| | Pookkayam | 40624 | |
| | Rajapuram | 350000 | |
| | Ranipuram | | |
| | Malom | 5000 | |
| | Kanjangad | 86000 | |
| Changalery | Changalery | | |
| | Chulliyode | | |
| | Mangalagiri | | |
| | Rajagiri (Attappadi) | | |
| | Kanthalam | | 0 |
| | Amarambalam | | |
| Bangalore | Bangalore | | |
| | Kadaba | 73300 | |
| | Ajkar | | |
| | Nelliyady | | 73300 |
| | **Total** | **8139511** | |

## Fund Received from Congregations

| | | |
|---|---|---|
| Caritas Secular Institute | 500000 | |
| LDSJG | 500000 | **2050000** |
| SJC | 1000000 | |
| MSP | 50000 | |

**Fund Received from Institutions**

| | | |
|---|---|---|
| St. Joseph's Home for Elderly, Kaduthuruthy | 10000 | |
| St. Pius X Convent Kottayam | 20000 | **2655000** |
| Caritas Hospital | 2600000 | |
| Vallambrosian Hosur Community | 25000 | |

**Fund Received from Organizations**

| | | |
|---|---|---|
| Mission League, Amanakara | 10000 | |
| KCYL Amanakara | 10000 | **20000** |

**Fund Received from Rev. Priests**

| | | |
|---|---|---|
| Fr. Thomas Kottoor & Brothers | 50000 | |
| Fr. Abraham Vengacheril | 10000 | |
| Fr. Jose Adoppilly | 50000 | **196000** |
| Fr. Saju Moolakkatt | 25000 | |
| Fr. Alex Akkaparambil | 11000 | |
| Fr. Michael Vettickat | 50000 | |

**Fund Received from Individuals**

| | | |
|---|---|---|
| Antony Madhavapallil - Austrian Knanaya Catholic Association | 200000 | |
| Jubilee Productions | 25000 | |
| Jellitta Publicity | 25000 | |
| Jubilee Automobiles | 25000 | |
| Babychan Paranickal | 10000 | |
| Annie Idicula | 10000 | |
| Bay Idicula | 10000 | **384650** |
| Pennamma Paranickal | 10000 | |
| Thomas Paranickal | 10000 | |
| Joby Idicula | 10000 | |
| Ashly Idicula | 8920 | |
| Simon Kallatt | 7000 | |
| Aniamma Kallatt | 7000 | |
| Anson Kallatt | 6730 | |
| Joby M Kuruvila C/O Hosur Community | 5000 | |
| Mrs. Elsy Philo Alex Neettukattu Thodupuzha | 15000 | |
| **Total** | ***5305650*** | |

**Kottayam Archdiocese**

**Archdiocesan Flood Relief Fund Status as on 2018 Sept 3**

| | |
|---|---|
| Fund Received from Parishes | **8139511** |
| Received from Congregations and Others | 5305650 |
| Total | **13445161** |

# പ്രളയദുരിതാശ്വാസ തുടർ പ്രവർത്തനങ്ങൾ

## 1. അതിരൂപതാതല പ്രഥമ ആലോചനായോഗം

പ്രളയക്കെടുതിയുടെ പശ്ചാത്തലത്തിൽ അതിരൂപതയിൽ നടപ്പിലാക്കിയ അടിയന്തിര ദുരിതാശ്വാസ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഭാവിയിൽ നടപ്പിലാക്കേണ്ട പുതിയ പദ്ധതികളുടെ രൂപീകരണവും നടത്തിപ്പും സംബന്ധിച്ച് പൊതുമാർഗ്ഗനിർദ്ദേശങ്ങൾ ചർച്ച ചെയ്യുന്നതിനുമായി കൂരിയാ അംഗങ്ങളുടെയും ഫൊറോന വികാരിമാരുടെയും സോഷ്യൽ ആക്ഷൻ കമ്മീഷൻ അംഗങ്ങളുടെയും സംയുക്ത യോഗം അഭിവന്ദ്യ മാർ മാത്യു മൂലക്കാട്ട് പിതാവിന്റെ അദ്ധ്യക്ഷതയിൽ ഓഗസ്റ്റ് 21 ന് ബിഷപ്പ്സ് ഹൗസിൽ ചേരുകയുണ്ടായി. ഇതിനോടകം ചെയ്ത ദുരിതാശ്വാസ സഹായ പ്രവർത്തനങ്ങളുടെ (ഭക്ഷണം, പുതിയ വസ്ത്രങ്ങൾ, സാമ്പത്തിക സഹായം, കുടിവെള്ളം തുടങ്ങിയ) വിവരങ്ങൾ ശേഖരിക്കുന്നതിനും ഇടവക ജനങ്ങൾക്കുണ്ടായ നാശനഷ്ടങ്ങളുടെ കണക്കെടുക്കുന്നതിനും തീരുമാനമായി. ഇടവകതലത്തിൽ പുനരധിവാസ പ്രവർത്തനങ്ങളിൽ സാമ്പത്തിക സഹായം അർഹിക്കുന്നവരെ ബഹു. വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ ലോക്കൽ KSSS/MASSS/ GDS സഹകരണത്തോടെ കണ്ടെത്തി ആവശ്യമായ പഠനങ്ങൾ നടത്തിയതിനു ശേഷം സാധിക്കുന്ന ഇടവകകൾ പ്രസ്തുത ഇടവകയിൽ നിന്നു തന്നെ സഹായം ലഭ്യമാക്കുവാൻ പരിശ്രമിക്കണമെന്നും അതിരൂപതാ ഫണ്ടിൽ നിന്നും സഹായം അനിവാര്യമാണെങ്കിൽ ലോക്കൽ KSSS/MASSS/ GDS ശുപാർശയോടെ KSSS/MASSS/ GDS കേന്ദ്ര ഓഫീസിൽ അപേക്ഷ സമർപ്പിക്കണമെന്നും യോഗത്തിൽ തീരുമാനമായി. ഗവൺമെന്റിൽ നിന്നും ലഭിക്കുന്ന അവകാശങ്ങളും ആനുകൂല്യങ്ങളും പരമാവധി പ്രയോജനപ്പെടുത്തണം. കൃഷി, മൃഗങ്ങൾ, ഭവനം, വിലപ്പെട്ട രേഖകൾ എന്നിവ നഷ്ടപ്പെട്ട ഇടവകാംഗങ്ങൾക്ക് ഗവൺമെന്റിന്റെ വിവിധ ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിന് സഹായിക്കുന്നതിനായി ഇടവകതലത്തിൽ ഒരു വോളണ്ടിയറെ ചുമതലപ്പെടുത്തുകയും വികാരിയച്ചൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യണമെന്ന് യോഗം നിർദ്ദേശിച്ചു. ഇതിനായി നില

വിലുള്ള ഏതാനും വിവരങ്ങൾ ഉൾച്ചേർത്ത് സോഷ്യൽ ആക്ഷൻ കമ്മീഷൻ ലഘുലേഖ തയ്യാറാക്കി ലഭ്യമാക്കി. ഭവനശുചീകരണം തുടങ്ങി ഭവനനിർമ്മാണം വരെയുള്ള വിവിധ പ്രവർത്തനങ്ങളിൽ മാനവശേഷി ആവശ്യമായി വരുന്നതിനാൽ ഇടവകതലത്തിൽ വോളണ്ടിയേഴ്സ് ടീം രൂപപ്പെടുത്തണമെന്നും നമ്മുടെ എല്ലാ അൽമായ സംഘടനകളുടെയും പ്രത്യേകിച്ച് കെ.സി.വൈ.എൽ അംഗങ്ങളുടെ സേവനം ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്തണമെന്നും യോഗം അഭിപ്രായപ്പെട്ടു. പുനരധിവാസ പ്രവർത്തനങ്ങൾ ഇടവക തലത്തിൽ കാര്യക്ഷമമാക്കുവാൻ സഹായിക്കുന്നതിനായി ലോക്കൽ KSSS/ MASSS/ GDS എന്നിവയുടെ രണ്ട് പ്രതിനിധികൾക്ക് അതത് സാമൂഹ്യ സേവന വിഭാഗങ്ങൾ പരിശീലനവും മാർഗ്ഗനിർദ്ദേശങ്ങളും നൽകേണ്ടതാണെന്ന് യോഗം നിർദ്ദേശിച്ചു. അഭിവന്ദ്യ പിതാവിന്റെ സർക്കുലർ പ്രകാരം അതിരൂപതാ ഫണ്ടിലേക്ക് ലഭിക്കുന്ന തുകയുടെയും പ്രസ്തുത തുക ചിലവഴിക്കുന്നതിന്റെയും വിശദാംശങ്ങൾ പദ്ധതി പൂർത്തീകരണത്തിനുശേഷം ഓഡിറ്റ് ചെയ്ത് തിരുഹൃദയമാസികയിൽ പ്രസിദ്ധീകരിക്കുവാനും യോഗത്തിൽ തീരുമാനമായി.

## 2. ലോക്കൽ യൂണിറ്റ് പ്രതിനിധികൾക്ക് പരിശീലനം

## ലോക്കൽ കെ.എസ്.എസ്.എസ് പ്രതിനിധികൾക്ക് പരിശീലനം

പ്രളയ പുനരധിവാസ പ്രവർത്തനങ്ങൾ ഇടവക തലത്തിൽ കാര്യക്ഷമമാക്കുവാൻ സഹായിക്കുന്നതിനായി അതിരൂപതാ സോഷ്യൽ ആക്ഷൻ കമ്മീഷന്റെ ആഭിമുഖ്യത്തിൽ അതിരൂപതയിലെ ഓരോ ഇടവകയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾക്കായി പരിശീലനം സംഘടിപ്പിച്ചു. കോട്ടയം പ്രദേശത്തുള്ള പ്രതിനിധികൾക്കായി കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ ഓഗസ്റ്റ് 28 ന് ചൈതന്യയിൽ സംഘടിപ്പിച്ച പരിശീലനത്തിൽ 88 പേർ പങ്കെടുത്തു. ഹൈറേഞ്ച് മേഖലയിലെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾക്കായി ജി.ഡി.എസിന്റെ നേതൃത്വത്തിൽ ഓഗസ്റ്റ് 30 ന് തടിയമ്പാട് സംഘടിപ്പിച്ച പരിശീലനത്തിൽ 38 പേർ പങ്കെടുത്തു. തുടർ പ്രവർത്തനങ്ങൾക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പരിശീലനത്തിൽ ലഭ്യമാക്കി.

## 3. അതിരൂപതാതല അവലോകന യോഗം

പ്രളയപുനരധിവാസ പ്രവർത്തനങ്ങൾക്കായി അതിരൂപതാതലത്തിൽ സമാഹരിക്കുന്ന ഫണ്ടിന്റെ ഫലപ്രദമായ വിനിയോഗത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി അതിരൂപതാ കൂരിയാ അംഗങ്ങളുടെയും ഫൊറോന വികാരിമാരുടെയും പുനസംഘടിപ്പിക്കപ്പെട്ട സോഷ്യൽ ആക്ഷൻ കമ്മീഷൻ അംഗങ്ങളുടെയും സംയുക്ത അവലോകന യോഗം അഭിവന്ദ്യ മാർ മാത്യു മൂലക്കാട്ട് പിതാവിന്റെ അദ്ധ്യക്ഷതയിൽ 2018 സെപ്റ്റംബർ 3-ാം തീയതി ചൈതന്യയിൽ ചേരുകയുണ്ടായി. മാർ ജോസഫ് പണ്ടാരശ്ശേരിൽ പിതാവുൾപ്പെടെ 27 പേർ യോഗത്തിൽ സംബന്ധിച്ചു.

ഇതുവരെ ലഭ്യമായ ഫണ്ട് വിനിയോഗത്തെക്കുറിച്ച് താഴെപ്പറയുന്ന കാര്യങ്ങൾ യോഗത്തിൽ തീരുമാനിച്ചു.

- ആകെ ലഭിച്ച തുകയുടെ 60% വീട് പൂർണ്ണമായും നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് പുതിയ ഭവനങ്ങൾ നിർമ്മിക്കുന്നതിനും കേടുപാടുകൾ സംഭവിച്ച ഭവനങ്ങൾക്ക് പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും (ശുചിമുറി ഉൾപ്പെടെ) നൽകുന്നതാണ്.
- ഉപവരുമാന മാർഗ്ഗങ്ങൾ നഷ്ടമായവർക്ക് (കൃഷി, വളർത്തുമൃഗങ്ങൾ) അവ പുനസ്ഥാപിക്കുന്നതിനായി ലഭിച്ച തുകയുടെ 25% ലഭ്യമാക്കും.
- പ്രളയം പ്രതികൂലമായി ബാധിച്ച കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസം തുടരുവാൻ സാമ്പത്തിക സഹായം അത്യാവശ്യമായി വരുന്ന സാഹചര്യത്തിൽ ലഭിച്ച തുകയുടെ 10% വിദ്യാഭ്യാസ സഹായമായി ലഭ്യമാക്കും.
- പ്രളയം മൂലം വരുമാനം പൂർണ്ണമായും ഇല്ലാതായ കുടുംബങ്ങളുടെ അനുദിന ചെലവുകൾ സാധ്യമാക്കുന്നതിനായി പ്രസ്തുത കുടുംബങ്ങൾക്ക് നിശ്ചിത തുക വീതം നിശ്ചിതകാലയളവിലേക്ക് പ്രതിമാസം ലഭ്യമാക്കുന്നതിനായി ലഭിച്ച തുകയുടെ 5% വിനിയോഗിക്കും.

ഓരോ ഇടവകയിലും അതിരൂപതാ ഫണ്ടിൽ നിന്നും സഹായം ആവശ്യമുള്ള കുടുംബങ്ങളുടെ അപേക്ഷകൾ സോഷ്യൽ സർവ്വീസ് സൊസൈറ്റി ലോക്കൽ യൂണിറ്റ് വിലയിരുത്തി മുൻഗണനാ ക്രമം

രേഖപ്പെടുത്തി അതത് സോഷ്യൽ സർവ്വീസ് വിഭാഗത്തിന് സെപ്റ്റംബർ 15 നകം ലഭ്യമാക്കണം. KSSS/MASSS/ GDS എന്നീ സാമൂഹിക സേവന വിഭാഗങ്ങൾ പ്രസ്തുത അപേക്ഷകൾ പഠിച്ച് (തുടർ സഹകരണത്തിനായി നിയോഗിക്കപ്പെട്ട ഫൊറോനകളുടെ പ്രതിനിധികളുടെ സഹകരണത്തോടെ) സെപ്റ്റംബർ 30 നകം അർഹരായവരുടെ മുൻഗണനാ ക്രമത്തിലുള്ള ലിസ്റ്റ് തയ്യാറാക്കും. തുടർന്ന് ഒക്ടോബർ 3 -ാം തീയതി 2.30 ന് ചേരുന്ന അടുത്ത അതിരൂപതാ പ്രളയദുരിതാശ്വാസ ഫണ്ട് വിനിയോഗ യോഗത്തിൽ വച്ച് ഫണ്ട് അനുവദിക്കും.

ഇടയ്ക്കാട്-കിടങ്ങൂർ ഫൊറോനകൾ വെളിയനാടും, ചുങ്കം-ഉഴവൂർ ഫൊറോനകൾ ഹൈറേഞ്ചിലും, പിറവം ഫൊറോന രാമമംഗലത്തും വെള്ളൂരും, കൈപ്പുഴ- കടുത്തുരുത്തി ഫൊറോനകൾ മലങ്കര ഫൊറനയിലും, മലബാറിലെ ഫൊറോനകൾ വയനാട്ടിലും തുടർ പ്രവർത്തനങ്ങളിൽ ആവശ്യമായ പങ്കാളിത്തവും സഹകരണവും ലഭ്യമാക്കണമെന്ന് യോഗത്തിൽ തീരുമാനമായി. അർഹതയുള്ളവരെ കണ്ടെത്തുന്നതിനും ഫലപ്രദമായും സുതാര്യമായും പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് സഹായിക്കുന്നതിനും പ്രളയക്കെടുതി നേരിട്ട ഓരോ പ്രദേശത്തോടും ബന്ധപ്പെട്ട് തുടർ പ്രവർത്തനത്തിൽ സാമൂഹിക സേവന വിഭാഗത്തോട് ചേർന്ന് സഹകാരികളാകുന്നതിനും നിശ്ചയിക്കപ്പെട്ടിരിക്കുന്ന ഫൊറോനകളിലെ ഫൊറോനാ വികാരിയും ഫൊറോനയിലെ സാമൂഹിക പ്രവർത്തനത്തിന്റെ നേതൃത്വം വഹിക്കുന്ന ബഹു. അച്ചനും വിൻസന്റ് ഡി പോൾ സൊസൈറ്റിയുടെ ഫൊറോന പ്രതിനിധിയും പങ്കുചേരുന്നതാണ്.

പ്രളയബാധിത പ്രദേശങ്ങളിലെ കുടുംബാംഗങ്ങൾക്ക് ആവശ്യമായ കൗൺസലിംഗ് സേവനങ്ങൾ ബഹു. തോമസ് കോട്ടൂരച്ചന്റെ നേതൃത്വത്തിൽ അതിരൂപതയിലെ സമർപ്പിത സമൂഹങ്ങൾ നിർവ്വഹിക്കും. ആവശ്യമുള്ള പ്രദേശങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് കാരിത്താസ് ആശുപത്രി നേതൃത്വം നൽകും.

അതിരൂപതാതലത്തിൽ പ്രളയദുരിതാശ്വാസത്തിനായി സമാഹരിക്കുന്ന ഫണ്ടിലേക്ക് ഇതിനോടകം ലഭിച്ച 1,32,40,421 രൂപയുടെ ലിസ്റ്റ് യോഗത്തിൽ അവതരിപ്പിച്ചു. പ്രളയകാലത്ത് ഓരോ ഇടവക

യിലുമുണ്ടായ നാശനഷ്ടങ്ങളുടെയും അതിരൂപതയിലെ വിവിധ പ്രസ്ഥാനങ്ങളിൽ നിന്ന് ചെയ്ത സഹായങ്ങളുടെയും ഇതുവരെ ലഭ്യമായിട്ടുള്ള കണക്കുകളുടെ സംഗ്രഹം KSSS/MASSS/ GDS സെക്രട്ടറിമാർ യോഗത്തിൽ അവതരിപ്പിച്ചു. 20 കോടി രൂപയുടെ നാശനഷ്ടങ്ങളാണ് ഇതിനോടകം റിപ്പോർട്ട് ചെയ്തിരിക്കുന്നത്. അടിയന്തിരമായി 1 കോടി 70 ലക്ഷം രൂപയുടെ സഹായങ്ങൾ ജാതിമത ഭേദമന്യേ ദുരിതമനുഭവിക്കുന്ന ജനങ്ങൾക്ക് ഇതിനോടകം വിവിധ പ്രദേശങ്ങളിലായി ലഭ്യമാക്കുകയുണ്ടായി.

പ്രളയത്തെതുടർന്ന് നിസ്വാർത്ഥമായി സേവനം ചെയ്ത എല്ലാവരെയും അഭിവന്ദ്യ പിതാവ് നന്ദിപൂർവ്വം അനുസ്മരിച്ചു. സർക്കാരിന്റെ സേവനങ്ങൾ പ്രയോജനപ്പെടുത്തി തുടർപ്രവർത്തനങ്ങൾ നടപ്പിലാക്കുകയെന്നത് എല്ലാവരുടെയും കൂട്ടുത്തരവാദിത്വമാണെന്നും പരസ്പര സഹകരണത്തോടെ ഈ വലിയ ദൗത്യം പൂർത്തിയാക്കുവാൻ എല്ലാവരുടെയും പിന്തുണയുണ്ടാകണമെന്നും പിതാവ് ആവശ്യപ്പെട്ടു. ഭവനനിർമ്മാണത്തിന് ഭൂമിയില്ലാത്തവർക്ക് ലാൻഡ് ടു ലാൻഡ്‌ലെസ്സ് പദ്ധതി വഴി ഭൂമി ലഭ്യമാക്കുമെന്ന് പിതാവ് അറിയിച്ചു. അതിരൂപതാ പ്രളയദുരിതാശ്വാസ ഫണ്ടിലേക്ക് ലഭ്യമാക്കുന്ന മുഴുവൻ തുകയും പ്രസ്തുത ലക്ഷ്യത്തിനായി മാത്രമായിരിക്കും വിനിയോഗിക്കുകയെന്നും വിശദാംശങ്ങൾ സമയാസമയങ്ങളിൽ അറിയിക്കുന്നതാണെന്നും പിതാവ് കൂട്ടിച്ചേർത്തു. വിപുലമായ പരിപാടികളോടെ നടത്താനിരുന്ന അതിരൂപതാദിനം പ്രളയ പശ്ചാത്തലത്തിൽ റദ്ദ് ചെയ്തതിനാൽ അതിനായി നീക്കിവച്ചിരുന്ന തുക കെ.സി.ബി.സി വഴി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേക്ക് നൽകുന്നതാണെന്നും പിതാവ് യോഗത്തിൽ അറിയിച്ചു

## കോട്ടയം അതിരൂപതാ സ്ഥാപനദിനം : കൃതജ്ഞതാബലിയർപ്പിച്ചു

തെക്കുംഭാഗ ജനതയ്ക്കായി 1911 ൽ പരിശുദ്ധ സിംഹാസനം അനുവദിച്ച് നൽകിയ കോട്ടയം വികാരിയാത്തിന്റെ 108-ാം സ്ഥാപന വാർഷിക ദിനത്തിൽ കോട്ടയം ക്രിസ്തുരാജാ കത്തീഡ്രലിൽ മാർ മാത്യു മൂലക്കാട്ട് മെത്രാപ്പോലീത്തായുടെ മുഖ്യകാർമ്മികത്വത്തിൽ കൃതജ്ഞതാബലിയർപ്പിച്ചു. ദൈവം തെക്കുംഭാഗ ജനതയ്ക്ക് കാലാകാലങ്ങളിൽ നൽകിയിട്ടുള്ള അനുഗ്രഹങ്ങളെയും കരുതലിനെയും നന്ദിയോടെ അനുസ്മരിക്കണമെന്ന് ദിവ്യബലി മദ്ധ്യേ വചനസന്ദേശത്തിൽ പിതാവ് പറഞ്ഞു. ദൈവവിശ്വാസത്തിലടിയുറച്ചു നിന്നുകൊണ്ട് പ്രത്യാശയോടെ മുന്നേറണം. വിശുദ്ധിയിൽ വളരുവാനും ശുശ്രൂഷയുടെ ജീവിതശൈലി സ്വീകരിക്കുവാനും വിളിക്കപ്പെട്ടിരിക്കുന്നവരാണ് ഓരോ ക്രിസ്ത്യാനിയുമെന്നത് അനുസ്മരിക്കണം. ശുശ്രൂഷിക്കപ്പെടുവാനല്ല ശുശ്രൂഷ ചെയ്യുവാൻ നിയോഗിക്കപ്പെട്ടിരിക്കുന്നവരെന്ന നിലയിൽ പ്രളയക്കെടുതിയുടെ പശ്ചാത്തലത്തിൽ എല്ലാവിഭാഗം ജനങ്ങൾക്കുമായി നാം ചെയ്യുന്ന വൈവിധ്യമാർന്ന ശുശ്രൂഷകൾ നമ്മുടെ ഒരുമയുടെയും വിശ്വാസനിറവിന്റെയും നേർസാക്ഷ്യമാണെന്നും അഭിവന്ദ്യ പിതാവ് അനുസ്മരിച്ചു. അതിരൂപതാ സഹായ മെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരിൽ, വികാരി ജനറാൾ ഫാ. മൈക്കിൾ വെട്ടിക്കാട്ട്, പ്രൊക്കുറേറ്റർ ഫാ. അലക്സ് ആക്കപ്പറമ്പിൽ, കത്തീഡ്രൽ വികാരി ഫാ. ജോൺ ചേന്നാകുഴി, സെക്രട്ടറി ഫാ. അലക്സ് ഓലിക്കര എന്നിവർ സഹകാർമ്മികരായിരുന്നു. പ്രളയക്കെടുതിയുടെ പശ്ചാത്തലത്തിൽ മുൻകൂട്ടി നിശ്ചയിച്ചിരുന്നതിൽ നിന്നും വ്യത്യസ്തമായി വിപുലമായ പരിപാടികൾ ഒഴിവാക്കി അതിരൂപതയിലെ ദൈവാലയങ്ങളിൽ കൃതജ്ഞതാബലിയോടെയാണ് അതിരൂപതാ ദിനാചരണം നടത്തിയത്.

## ബഹു. വികാരിമാരുടെയും കണക്കന്മാരുടെയും കൈക്കാരന്മാരുടെയും സംഗമം സംഘടിപ്പിച്ചു

അതിരൂപതയിലെ വിവിധ ഇടവകകളിൽ ശുശ്രൂഷ ചെയ്യുന്ന ബഹു. വികാരിയച്ചന്മാരുടെയും കൈക്കാരന്മാരുടെയും കണക്കന്മാരുടെയും സംഗമം സെപ്റ്റംബർ 4 ചൊവ്വാഴ്ച രാവിലെ 10.30 മുതൽ തൂവാനിസയിൽ സംഘടിപ്പിച്ചു. കോട്ടയം അതിരൂപതാ മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ട് സംഗമം ഉദ്ഘാടനം ചെയ്തു. പള്ളികളിലെ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ വിശദീകരിക്കുകയും തുടർമാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

## Apna Des Editorial Board

The Editorial Board of Apna Des, the fortnightly of the Archeparchy of Kottayam is reconstituted with the following members with effect from 1st September 2018.

Rev. Fr. Michael Vettickat - Pro-protosyncellus
Rev. Fr. Mathew Kuriathara - Chief Editor
Rev. Fr. Bijo Kochadampallil
Mr. Kuriakose Panthaloor - News Editor
Adv. Aji Koickal
Mrs. Jinu Motty
Mr. Shino Kunnappally

Requesting your valuable cooperation and praying God's choicest blessings upon you.

Abp No.146/2018 29-08-2018

# Social Action Commission Members

The Social Action Commission of the Archeparchy of Kottayam is reconstituted with the following members with effect from 30th August 2018.

1 Rev. Fr. Michael Vettickat Pro-protosyncellus & Chairman
2 Rev. Fr. Abraham Mannil -Syncellus- Malankara
3 Fr. Alex Akkaparambil-Procurator
4 Fr. Thomas Animoottil-Director, Caritas Hospital
5 Fr. Sunil Perumanoor-Secretary, KSSS
6 Fr. Bibin Kandoth-Secretary, MASSS
7 Fr. Jomon Kunnakkattuthadathil-Secretary, GDS
8 Fr. Kurian Thattarkunnel-Superior General, OSH
9 Fr. Biju Thazhathucheruvil-Superior General, OSB
10 Fr. Stany Edathiparambil-Director, MSP
11 Sr. Karuna SVM-Superior General, SVM
12 Sr. Soumy SJC-Superior General, SJC
13 Miss. Thresiamma V.T-Directress General, CSI
14 Sr. Helenora LDSJG-Superior General, LDSJG
15 Mr. Patrick Ottappallil -President, Vincent De Paul Society
16 Dr. Jose James Pannivelil-Secretary, Pastoral Council
17 Mr. Jose Mavelil-Archeparchial Finance Council Representative
18 Mrs. Ancy Sunny-Lay Representative
19 Mr. George Kurian-Lay Representative

With prayerful wishes,

Mar Mathew Moolakkatt
Metropolitan Archbishop of Kottayam

**റവ. ഫാ. മൈക്കിൾ വെട്ടിക്കാട്ട്**
ചെയർമാൻ
അതിരൂപതാ സോഷ്യൽ ആക്ഷൻ കമ്മീഷൻ

# അജപാലന കേന്ദ്ര പ്രോഗ്രാമുകൾ

# CHAITHANYA PROGRAMME
## September 2018

| Date | Programme |
|---|---|
| 1 | My Life Style Programme |
| 1 | KSSS CRC |
| 1 | K.P Chacko - Book Publishing |
| 2 | Save the Mother Earth Green Planet - Programme |
| 3-4 | Business Training Programme |
| 5 | KSSS Animators' Meeting |
| 8 | Spoke On 2018 |
| 8 | Musical Factory - Training Programme |
| 8 | Vincent de Paul Society Meeting |
| 9 | The Knanaya Multi State Cooperative Credit Society Meeting |
| 9 | KSSS CBR Neurological Medical Camp |
| 9 | My Life Style Programme |
| 10 | Ayush Meeting |
| 10-14 | Co-operative Bank Employees Training |
| 11 | Archdiocese Senate Meeting |
| 11 | Chaithanya Commission Meeting |
| 14 | KSSS Foundation Day Observations |
| 15 | KSSS Coordinators' Meeting |
| 15-16 | Kasaragod School of Nursing Trainers Training |
| 15 | Ayush Meeting |
| 16-18 | Co-operative Bank Employees Training |
| 19-21 | CML Camp |
| 26 | Deafblind State Level Network Meeting |
| 28 | KCSL - Diocese Literature Competition |

# അതിരൂപതാ പാസ്റ്ററൽ കമ്മീഷൻസ്

## ചൈതന്യ കമ്മീഷൻസ് പ്രോഗ്രാം കലണ്ടർ

| തീയതി | പ്രോഗ്രാം | സ്ഥലം |
|---|---|---|
| **സെപ്റ്റംബർ** | | |
| സെപ്റ്റംബർ 6 - 8 | വിവാഹ ഒരുക്ക കോഴ്സ് | തൂവാനിസ |
| സെപ്റ്റംബർ 8 | വിൻസെന്റ് ഡി പോൾ മീറ്റിംഗ് | ചൈതന്യ |
| സെപ്റ്റംബർ 11 | ചൈതന്യ കമ്മീഷൻസ് ചെയർമാന്മാരുടെ മീറ്റിംഗ് | ചൈതന്യ |
| സെപ്റ്റംബർ 19 - 21 | സി.എം.എൽ സീനിയർ ക്യാമ്പ് | ചൈതന്യ |
| സെപ്റ്റംബർ 28 | കെ.സി.എസ്.എൽ അതിരൂപത സാഹിത്യ മത്സരം | ചൈതന്യ |

## തൂവാനിസ പ്രോഗ്രാം കലണ്ടർ

| തീയതി | പ്രോഗ്രാം |
|---|---|
| **സെപ്റ്റംബർ** | |
| സെപ്റ്റംബർ 2 - 6 | ആത്മജ്ഞാനാഭിഷേകധ്യാനം |
| സെപ്റ്റംബർ 6 - 8 | വിവാഹ ഒരുക്ക കോഴ്സ് |
| സെപ്റ്റംബർ 7 | കെ.സി.ഡബ്ല്യു.എ ധ്യാനം |
| സെപ്റ്റംബർ 9 - 13 | ദിവ്യകാരുണ്യാനുഭവ മരിയൻ ധ്യാനം |
| സെപ്റ്റംബർ 20 - 23 | തൂവാനിസ ബൈബിൾ കൺവൻഷൻ |
| സെപ്റ്റംബർ 30 - ഒക്ടോ. 4 | ആന്തരീക വിശുദ്ധീകരണ ധ്യാനം |

# ബൈബിൾ കമ്മീഷൻ

## ലോഗോസ് ക്വിസ്

ലോഗോസ് ക്വിസ് പരീക്ഷ സെപ്റ്റംബർ 30-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് നടത്തപ്പെടുന്നതാണ്. ചോദ്യകടലാസ്, ഉത്തരകടലാസ് എന്നിവ സെപ്റ്റംബർ 27 ന് മുമ്പായി ഫൊറോന കേന്ദ്രങ്ങളിൽ എത്തിക്കും. ഉത്തരക്കടലാസ് ഒക്ടോബർ 5 ന് മുമ്പ് ചൈതന്യ പാസ്റ്ററൽ സെന്ററിലോ, ബറുമറിയം പാസ്റ്ററൽ സെന്ററിലോ ഏൽപ്പിക്കേണ്ടതാണ്.

**ഫാ. ജോർജ്ജ് പുതുപ്പറമ്പിൽ**
ചെയർമാൻ

# കരിസ്മാറ്റിക് കമ്മീഷൻ

## ആത്മജ്ഞാനാഭിഷേകധ്യാനം

ഫാ. ജെയിംസ് കക്കുഴി & ടീം നയിക്കുന്ന ആത്മജ്ഞാനാഭിഷേകധ്യാനം സെപ്റ്റംബർ 2-ാം തീയതി മുതൽ 6-ാം തീയതി വരെ തൂവാനിസ പ്രാർത്ഥനാലയത്തിൽ നടത്തപ്പെടുന്നു.

## വിവാഹ ഒരുക്ക സെമിനാർ

സെപ്റ്റംബർ 6, 7, 8 തീയതികളിൽ തൂവാനിസയിൽ വിവാഹ ഒരുക്ക കോഴ്സ് നടത്തപ്പെടുന്നു.

## ദിവ്യകാരുണ്യാനുഭവ മരിയൻ ധ്യാനം

ഫാ. ജോസഫ് വടകര, ബ്രദർ അലക്സ് & ടീം നയിക്കുന്ന ദിവ്യകാരുണ്യാനുഭവ മരിയൻ ധ്യാനം സെപ്റ്റംബർ 9-ാം തീയതി മുതൽ 13-ാം തീയതി വരെ തൂവാനിസ പ്രാർത്ഥനാലയത്തിൽ നടത്തപ്പെടുന്നു.

## തൂവാനിസ ബൈബിൾ കൺവൻഷൻ

കോട്ടയം അതിരൂപതയുടെ പ്രാർത്ഥനാലയമായ കോതനല്ലൂർ തൂവാനിസയിൽ നടത്തപ്പെടുന്ന 18-ാമത് ബൈബിൾ കൺവൻഷൻ സെപ്റ്റംബർ 20, 21, 22, 23 തീയതികളിൽ നടത്തപ്പെടും

## ആന്തരീക വിശുദ്ധീകരണ ധ്യാനം

ഫാ. അബ്രഹാം കൊച്ചുപറമ്പിൽ & ടീം നയിക്കുന്ന ആന്തരീക വിശുദ്ധീകരണ ധ്യാനം സെപ്റ്റംബർ 30 മുതൽ ഒക്ടോബർ 4 വരെ തൂവാനിസ പ്രാർത്ഥനാലയത്തിൽ നടത്തപ്പെടുന്നു.

**ഫാ. ജിബിൽ കുഴിവേലിൽ**
ചെയർമാൻ

# ഫാമിലി കമ്മീഷൻ

## വിവാഹ ഒരുക്ക സെമിനാർ

ആഗസ്റ്റ് മാസത്തെ വിവാഹ ഒരുക്ക സെമിനാർ ആഗസ്റ്റ് 9 മുതൽ 11 വരെ തൂവാനിസ പ്രാർത്ഥനാലയത്തിൽ നടത്തപ്പെട്ടു.

സെപ്റ്റംബർ മാസത്തെ വിവാഹ ഒരുക്ക സെമിനാർ സെപ്റ്റംബർ 6, 7, 8 തീയതികളിൽ തൂവാനിസ പ്രാർത്ഥനാലയത്തിൽ നടത്തപ്പെടുന്നതാണ്.

### ദമ്പതിസംഗമം

കുടുംബ ബന്ധങ്ങളെ സുശക്തമാക്കി ഹൃദയങ്ങളെ ദൈവസ്നേഹചൈതന്യത്തിൽ കോർത്തിണക്കി സമർപ്പണത്തിന്റെ ബലിവേദിയും ദൈവകരുണയുടെ കൂടാരങ്ങളുമായി കുടുംബങ്ങളെ വാർത്തെടുക്കുക, ദിവ്യകാരുണ്യസംസ്ക്കാരം കുടുംബങ്ങളിൽ വളർത്തിയെടുക്കുക എന്നീ ലക്ഷ്യങ്ങളോടെ 2007 ജനുവരി 1 നും 2017 ഡിസംബർ 31 നും ഇടയിൽ വിവാഹിതരായ ദമ്പതികൾക്കായി കോട്ടയം അതിരൂപത ഫാമിലി കമ്മീഷന്റെ നേതൃത്വത്തിൽ ദമ്പതി സംഗമം സംഘടിപ്പിക്കുന്നു. 2018 ഒക്ടോബർ 13-ാം തീയതി ശനിയാഴ്ച രാവിലെ 10 മണി മുതൽ 3 മണിവരെ കോതനല്ലൂർ തൂവാനിസ പ്രാർത്ഥനാലയത്തിലാണ് സംഗമം സംഘടിപ്പിക്കുന്നത്.

**ഫാ. ബ്രസൻ ഒഴുങ്ങാലിൽ**
ചെയർമാൻ

# പയസ് അസോസിയേഷൻസ്

## ചെറുപുഷ്പ മിഷൻലീഗ്

### സീനിയർ ക്യാമ്പ്

ചെറുപുഷ്പ മിഷൻ ലീഗിന്റെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 19, 20, 21 തീയതികളിൽ ചൈതന്യ പാസ്റ്ററൽ സെന്ററിൽ വച്ച് സീനിയർ ക്യാമ്പ് സംഘടിപ്പിക്കുന്നു.

**ഫാ. ജോബി പുച്ചൂകണ്ടത്തിൽ**
ചെയർമാൻ

## സെന്റ് വിൻസന്റ് ഡി പോൾ സൊസൈറ്റി

### സി.സി വാർഷികം

സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ കോട്ടയം സെൻട്രൽ കൗൺസിലിന്റെ 65-ാം വാർഷികം ആഗസ്റ്റ് 12-ാം തീയതി ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ചു. രാവിലെ 9.30 ന് സി.സി ആദ്ധ്യാത്മിക ഉപദേഷ്ടാവ് റവ. ഫാ. അലക്സ് ആക്കപ്പറ മ്പിൽ ദിവ്യബലി അർപ്പിച്ചു. തുടർന്ന് പ്രഡിഡന്റ് ബ്ര. പാട്രിക് ഓട്ട പ്പള്ളിയുടെ അദ്ധ്യക്ഷതയിൽ വാർഷിക സമ്മേളനം ആരംഭിച്ചു. സി. ആൻ തോമസ് ചാഴികാട്ട് പ്രാരംഭപ്രാർത്ഥനയ്ക്കു നേതൃത്വം നൽകി. കോട്ടയം അതിരൂപത സഹായമെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേ രിൽ യോഗം ഉദ്ഘാടനം ചെയ്തു മുഖ്യപ്രഭാഷണം നടത്തി. റവ. ഫാ. അലക്സ് ആക്കപ്പറമ്പിൽ അനുഗ്രഹ പ്രഭാഷണം നടത്തി. ചൈതന്യ പാസ്റ്ററൽ സെന്റർ ഡയറക്ടറും കെ.എസ്.എസ്.എസ് സെക്രട്ടറിയുമായ റവ.ഫാ. സുനിൽ പെരുമാനൂർ സമ്മേളനത്തിൽ ആശംസ അർപ്പിച്ചു. ഈ വർഷത്തെ ബെസ്റ്റ് കോൺഫറൻസ് അവാർഡ് ഉഴവൂർ ലൂർദ് മാതാ കോൺഫറൻസിന് മാർ ജോസഫ് പണ്ടാരശ്ശേരിൽ സമ്മാനിച്ചു. സി.സി നൽകുന്ന ഓസാനം സ്കോളർഷി പ്പുകൾ റവ. ഫാ. അലക്സ് ആക്കപ്പറമ്പിൽ വിതരണം ചെയ്തു. സിസി നടത്തിയ മത്സരങ്ങളിൽ വിജയികളായ അംഗങ്ങൾക്ക് മാർ ജോസഫ്

പണ്ടാരശ്ശേരിൽ ഉപഹാരങ്ങൾ നൽകി. സി.സി സെക്രട്ടറി ബ്ര. ഡോൺ ബോസ്കോ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. വൈസ് പ്രസിഡന്റ് ബ്ര. എബി പീറ്റർ സ്വാഗതവും ജോയിന്റ് സെക്രട്ടറി ബ്ര. ആൽബർട്ട് മാത്യു നന്ദിയും പറഞ്ഞു. സി. ആൻസി സണ്ണി വെട്ടത്തുകണ്ടത്തിൽ നയിച്ച സമാപന പ്രാർത്ഥനയോടെ യോഗം അവസാനിച്ചു. സമ്മേളനത്തിൽ 360 അംഗങ്ങൾ പങ്കെടുത്തു.

**പാട്രിക് ഓട്ടപ്പള്ളിൽ**

സി. സി പ്രസിഡന്റ്

# ലീജിയൻ ഓഫ് മേരി

## ലീജിയൻ ഓഫ് മേരി കോട്ടയം കമ്മീസിയം

## പരി. കന്യകാമറിയത്തിന്റെ പിറവിതിരുനാൾ ആഘോഷവും പ്ലാറ്റിനം ജൂബിലി ആക്ഷൻ പ്ലാൻ തയ്യാറാക്കലും സംഘടിപ്പിച്ചു

കോട്ടയം അതിരൂപതയിലെ അല്മായ ഭക്ത സംഘടനയായ ലീജിയൻ ഓഫ് മേരിയുടെ മദ്ധ്യസ്ഥയായ പരി. അമലോത്ഭവ മാതാവിന്റെ പിറവിതിരുനാൾ ആഘോഷവും പ്ലാറ്റിനം ജൂബിലി ആക്ഷൻ പ്ലാൻ തയ്യാറാക്കലും 2018 ആഗസ്റ്റ് 31 വെള്ളിയാഴ്ച ചൈതന്യ പാസ്റ്ററൽ സെന്ററിൽ വച്ച് സംഘടിപ്പിച്ചു. സമ്മേളനത്തിന്റെ ഉദ്ഘാടനം ചൈതന്യ കമ്മീഷൻസ് കോർഡിനേറ്റർ ഫാ. ബിജോ കൊച്ചാദംപള്ളിൽ നിർവ്വഹിച്ചു. യോഗത്തിൽ ലീജിയൻ ഓഫ് മേരി പ്രസിഡന്റ് മോളി ചാക്കോ അദ്ധ്യക്ഷത വഹിച്ചു. ചൈതന്യ പാസ്റ്ററൽ സെന്റർ ഡയറക്ടർ ഫാ. സുനിൽ പെരുമാനൂർ ആശംസകൾ അർപ്പിച്ചു. ലീജിയൻ ഓഫ് മേരി ആത്മീയ നിയന്താവ് ഫാ. ജോസ് കുറുപ്പന്തറയിൽ പ്ലാറ്റിനം ജൂബിലി ആഘോഷത്തിന്റെ കരട് രേഖ അവതരിപ്പിച്ച് പാസ്സാക്കി. യോഗത്തിൽ അതിരൂപത അനിമേറ്റർ സി. ജോസ്‌ലെറ്റ് എസ്.ജെ.സി നന്ദി അർപ്പിച്ചു. അതിരൂപത ഭാരവാഹികളായ സി. ജയിൻ ജോയി, സി. ആലീസ് ജോയി എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**ഫാ. ജോസ് കുറുപ്പന്തറ**

ചാപ്ലെയിൻ

# സോഷ്യൽ ആക്ഷൻ കമ്മീഷൻ

## കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി (KSSS)

## വികസന പാതയിൽ വരുംദിനങ്ങളിൽ

### വയോജനദിനാഘോഷം ചൈതന്യയിൽ

അന്താരാഷ്ട്ര വയോജന ദിനത്തോടനുബന്ധിച്ച് കെ.എസ്. എസ്.എസിന്റെ നേതൃത്വത്തിൽ വിപുലമായ പരിപാടികളോടെ വയോജനദിനാഘോഷം സംഘടിപ്പിക്കുന്നു. വൃദ്ധജനങ്ങളുടെ സന്തോഷത്തിനും അനുഭവം പങ്കുവയ്ക്കലിനും അവസരമൊരുക്കുന്നതോടൊപ്പം അവരുടെ അവകാശങ്ങളെ സമൂഹമദ്ധ്യത്തിൽ ഉയർത്തിക്കാട്ടി വയോജനസൗഹാർദ്ദ സമൂഹത്തെ പടുത്തുയർത്തുക എന്ന ലക്ഷ്യത്തോടെ ഒക്ടോബർ 1-ാം തീയതി തിങ്കളാഴ്ച രാവിലെ 10 മുതൽ ചൈതന്യയിലാണ് വയോജനദിനാഘോഷം സംഘടിപ്പിക്കുന്നത്. ദിനാഘോഷത്തോടനുബന്ധിച്ച് സെമിനാർ, കലാപരിപാടികൾ, മത്സരങ്ങൾ,അനുഭവം പങ്കുവയ്ക്കൽ, പൊതുസമ്മേളനം എന്നിവ ഉണ്ടായിരിക്കും.

### കെ.എസ്.എസ്.എസ് സ്ഥാപക ദിനാചരണം സെപ്റ്റംബർ 14 ന്

കോട്ടയം അതിരൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ സ്ഥാപക ദിനമായ സെപ്റ്റംബർ 14ന് വിപുലമായ പരിപാടികളോടെ സ്ഥാപക ദിനാഘോഷ പരിപാടികൾ സംഘടിപ്പിക്കുന്നു. 1964 സെപ്റ്റംബർ 14ന് ആണ് സൊസൈറ്റീസ് രജിസ്ട്രേഷൻ നിയമപ്രകാരം രജിസ്റ്റർ ചെയ്താണ് കെ.എസ്.എസ്.എസ് പ്രവർത്തനം ആരംഭിച്ചത്. സ്ഥാപക ദിനാഘോഷത്തോടനുബന്ധിച്ച് കെ.എസ്.എസ്.എസ് ആസ്ഥാനമായ ചൈതന്യയിൽ പതാക ഉയർത്തലും വിവിധ സാമൂഹ്യക്ഷേമ കർമ്മ പദ്ധതികളുടെ ഉദ്ഘാടനവും നടത്തപ്പെടും.

## മൽസ്യ കൃഷി പരിശീലനവും മത്സ്യ കുഞ്ഞുങ്ങളുടെ വിതരണവും

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന വിവിധ ഭക്ഷ്യ സുരക്ഷ പ്രവർത്തനങ്ങളുടെ ഭാഗമായി മൽസ്യകൃഷി പരിശീലനവും മത്സ്യ കുഞ്ഞുങ്ങളുടെ വിതരണവും നടത്തുന്നു. സെപ്റ്റംബർ മാസത്തിൽ ചൈതന്യയിലാണ് പരിശീലനവും മത്സ്യ കുഞ്ഞുങ്ങളുടെ വിതരണവും സംഘടിപ്പിച്ചിരിക്കുന്നത്. കെ.എസ്.എസ്.എസിന്റെ വിവിധ മേഖലകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 100 പേർക്കായാണ് പരിശീലന പരിപാടി ക്രമീകരിച്ചിരിക്കുന്നത്. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് കട്‌ല, രോഹു, ഗ്രാസ്കാർപ്പ് എന്നീ ഇനത്തിൽപ്പെട്ട മത്സ്യ കുഞ്ഞുങ്ങളെ ലഭ്യമാക്കുന്നതാണ്.

# കെ.എസ്.എസ്.എസ് പോയവാരങ്ങളിൽ

## കെ.എസ്.എസ്.എസ് പോയവാരങ്ങളിൽ പ്രളയബാധിതർക്ക് സഹായഹസ്തമൊരുക്കി ചൈതന്യ പാസ്റ്ററൽ സെന്റർ

പ്രളയകെടുതിയിൽ അകപ്പെട്ട കുടുംബങ്ങൾക്ക് സഹായഹസ്തമൊരുക്കി അതിരൂപതയുടെ അജപാലനകേന്ദ്രമായ ചൈതന്യ പാസ്റ്ററൽ സെന്റർ. അതിരൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പ്രളയദിനങ്ങളിൽ 321 പേർക്കാണ് ചൈതന്യയിൽ ദുരിതാശ്വാസ ക്യാമ്പ് തുറന്നത്. ക്യാമ്പിൽ ആളുകൾക്ക് ഭക്ഷണം, വസ്ത്രം, മരുന്നുകൾ, ശുചീകരണ വസ്തുക്കൾ എന്നിവ ലഭ്യമാക്കി. കൂടാതെ ഹെൽത്ത് ഡിപ്പാർട്ട്മെന്റുമായി സഹകരിച്ച് മെഡിക്കൽ ക്യാമ്പും സംഘടിപ്പിച്ചു. കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ ചൈതന്യയിൽ തുറന്ന റിലീഫ് കളക്ഷൻ സെന്റർ മുഖാന്തരം കടുത്ത പ്രളയ ദുരന്തമേഖലകളിലേയ്ക്കും സമീപപ്രദേശങ്ങളിലെ ദുരിതാശ്വാസ ക്യാമ്പുകളിലേയ്ക്കും ഭക്ഷണം, വസ്ത്രം, ഭക്ഷണകിറ്റുകൾ, കുടിവെള്ളം, ശുചീകരണ വസ്തുക്കൾ, സാനിറ്ററി കിറ്റുകൾ എന്നിവ ലഭ്യമാക്കി. അതിരൂപതയിലെ വൈദികരുടെയും സന്യസ്തരുടെയും

അല്മായരുടെയും സംഘടനകളുടെയും അസോസിയേഷനുകളുടെയും യുവജനപ്രസ്ഥാനത്തിന്റെയും കാരിത്താസ് ഹോസ്പിറ്റൽ ഉൾപ്പെടെയുള്ള ആതുരസേവന വിഭാഗങ്ങളുടെയും പരിപൂർണ്ണമായ സഹകരണത്തോടെയും പിന്തുണയോടും കൂടിയാണ് കോട്ടയം അതിരൂപത ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചത്. ഒപ്പം നൂറുകണക്കിന് സുമനസ്സുകളും ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ സഹകാരികളായി. പ്രളയദിനങ്ങളിൽ പ്രതിദിനം അയ്യായിരത്തോളം ഭക്ഷണപൊതി (പൊതിച്ചോറ്) യാണ് വിവിധ ദുരിതാശ്വാസ ക്യാമ്പുകളിലും പ്രളയപ്രദേശങ്ങളിലുമായി ലഭ്യമാക്കിയത്. വെള്ളപ്പൊക്ക കെടുതികൾ അതീവ രൂക്ഷമായിരുന്ന കല്ലിശ്ശേരി, കുറ്റൂർ, റാന്നി എന്നീ സ്ഥലങ്ങളോടൊപ്പം ചെങ്ങന്നൂരിലെ വിവിധ പ്രദേശങ്ങളിലും സഹായം എത്തിച്ചു. വെള്ളപ്പൊക്കത്തിന്റെയും മണ്ണിടിച്ചിലിന്റെയും കെടുതികൾ നേരിട്ട ഹൈറേഞ്ച് മേഖലയിലെ തടിയമ്പാട് ഉൾപ്പെടെയുള്ള വിവിധ സ്ഥലങ്ങളിൽ അടിയന്തര സഹായം എത്തിക്കുവാനും കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയ്ക്കും ഗ്രീൻവാലി ഡെവലപ്പ്മെന്റ് സൊസൈറ്റിയ്ക്കും കഴിഞ്ഞു. വെള്ളം ഇറങ്ങി ക്യാമ്പുകളിൽ നിന്ന് വീടുകളിലേയ്ക്ക് തിരികെ പോകുന്ന ആളുകൾക്ക് ഭക്ഷണകിറ്റും ശുചീകരണ കിറ്റും വസ്ത്രങ്ങളും കെ.എസ്.എസ്.എസ് ലഭ്യമാക്കി വരുന്നു. ഒപ്പം അതിരൂപത സോഷ്യൽ ആക്ഷൻ കമ്മീഷന്റെ നേതൃത്വത്തിൽ തുടർ പുനരധിവാസ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള തയ്യാറെടുപ്പിലാണ് കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി.

## പ്രളയബാധിതർക്ക് സഹായഹസ്തമൊരുക്കി കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയും കാരിത്താസ് ആശുപത്രിയും

വെള്ളപ്പൊക്കദുരിതത്തിന്റെ കെടുതികൾ അനുഭവിക്കുന്ന കുട്ടനാട് നിവാസികൾക്ക് സഹായഹസ്തമൊരുക്കി അതിരൂപതയുടെ സാമൂഹ്യ-ആതുര സേവന വിഭാഗങ്ങളായ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയും കാരിത്താസ് ആശുപത്രിയും. കുട്ടനാടൻ മേഖലയിൽ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ഭക്ഷണകിറ്റുകളും സാനിറ്ററി കിറ്റും ലഭ്യമാക്കിയ

തോടൊപ്പം കാരിത്താസ് ആശുപത്രിയുടെ നേതൃത്വത്തിൽ സൗജന്യ മെഡിക്കൽ ക്യാമ്പും മരുന്നു വിതരണവും സംഘടിപ്പിച്ചു. വെളിയ നാട് സെന്റ് മൈക്കിൾസ് ചർച്ച് ഹാളിൽ സംഘടിപ്പിച്ച മെഡിക്കൽ ക്യാമ്പിന്റെ ഉദ്ഘാടനവും സാനിറ്ററി കിറ്റിന്റെ വിതരണവും കോട്ടയം അതിരൂപത സഹായ മെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരിൽ നിർവ്വ ഹിച്ചു. അരി, പഞ്ചസാര, ചെറുപയർ, തേയിലപൊടി, ബ്രഡ്, കുടി വെള്ളം എന്നിവയടങ്ങുന്ന ഭക്ഷണകിറ്റും സോപ്പ് ഓയിൽ, ലോഷൻ, സർഫ്, ഹാർപ്പിക് എന്നിവയടങ്ങുന്ന സാനിറ്ററി കിറ്റുമാണ് കെ. എസ്.എസ്.എസിന്റെ നേതൃത്വത്തിൽ ലഭ്യമാക്കിയത്. കാരിത്താസ് ആശുപത്രിയിലെ വിവിധ ഡിപ്പാർട്ടുമെന്റുകളിൽ നിന്നായുള്ള 25 ഓളം മെഡിക്കൽ സംഘം മെഡിക്കൽ ക്യാമ്പിന് നേതൃത്വം നൽകി. തുടർന്ന് മാർ ജോസഫ് പണ്ടാരശ്ശേരിലിന്റെ നേതൃത്വത്തിൽ പ്രളയ കെടുതി അനുഭവിക്കുന്ന കുടുംബങ്ങളിൽ നേരിട്ട് സന്ദർശനം നട ത്തുകയും സ്ഥിതിഗതികൾ വിലയിരുത്തി തുടർ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായുള്ള കമ്മറ്റികൾ രൂപീകരിക്കുകയും ചെയ്തു. പ്രദേശത്തെ ആളുകളുടെ അടിയന്തിര മെഡിക്കൽ ആവശ്യ ങ്ങൾക്കായി കെ.എസ്.എസ്.എസ് ആംബുലൻസ് സേവനവും സൗജ ന്യമായി ലഭ്യമാക്കിയിരുന്നു. കാരിത്താസ് ആശുപത്രി ഡയറക്ടർ ഫാ. തോമസ് ആനിമൂട്ടിൽ, കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. സുനിൽ പെരുമാനൂർ, ഫാ. മാത്യു കണ്ണാല, വൈദികർ, സന്യസ്തർ, സന്നദ്ധപ്രവർത്തകർ എന്നിവർ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

## ഗോത്രവർഗ്ഗ മേഖലയിൽ സഹായ ഹസ്തമൊരുക്കി കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി

വെള്ളപ്പൊക്ക കെടുതിയിൽ ദുരിതമനുഭവിക്കുന്ന ഗോത്രവർഗ്ഗ മേഖലയിൽ സഹായ ഹസ്തമൊരുക്കി കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി. കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ എസ്.എച്ച് മൗണ്ട് നക്ഷത്ര സൗഹൃദവേദിയുടെ സഹകരണത്തോടെ കരി പ്രദേശങ്ങളിലെ ഇരുനൂറോളം കുടുംബങ്ങൾക്ക് ഭക്ഷണ കിറ്റുകളും സാനിറ്ററി കിറ്റുകളും വിതരണം ചെയ്തു. അരി, പഞ്ച

സാര, ചെറുപയർ, തേയിലപൊടി, സാനിറ്ററി ഐറ്റംസ് എന്നിവയടങ്ങുന്ന കിറ്റുകളാണ് പ്രളയക്കെടുതി അനുഭവിക്കുന്ന കുടുംബങ്ങൾക്ക് ലഭ്യമാക്കിയത്. കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. സുനിൽ പെരുമാനൂർ, നക്ഷത്ര സൗഹൃദവേദി പ്രസിഡന്റ് സണ്ണി ചാക്കോ മഠത്തിൽപ്പറമ്പിൽ, സെക്രട്ടറി സൈമൺ ജോയി മാലേപ്പറമ്പിൽ, പരുഷ സ്വാശ്രയസംഘം ഫൊറോനാ പ്രസിഡന്റ് തങ്കച്ചൻ വാലയിൽ, മേഴ്സി സ്റ്റീഫൻ, ജനപ്രതിനിധികൾ, സന്നദ്ധ പ്രവർത്തകർ എന്നിവരുടെ നേതൃത്വത്തിലാണ് സഹായ ഹസ്തമൊരുക്കിയത്.

## പ്രളയബാധിത കുട്ടനാടിന് കൈതാങ്ങൊരുക്കി കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി

പ്രളയത്തിന്റെ കെടുതികൾ അനുഭവിച്ച കുട്ടനാടൻ നിവാസികൾക്ക് ആശ്വാസ ഹസ്തമൊരുക്കി അതിരൂപതയുടെ സാമൂഹ്യ സേവന വിഭാഗമായ കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി. പ്രളയത്തെ തുടർന്ന് വെള്ളം ഇറങ്ങി തുടങ്ങിയ ആലപ്പുഴ ജില്ലയിലെ വെളിയനാടാണ് കെ.എസ്.എസ്.എസ് എമർജൻസി റിലീഫ് ടീമിന്റെ നേതൃത്വത്തിൽ ശുചീകരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. കെ.എസ്.എസ്.എസ് കൈപ്പുഴ, ഇടയ്ക്കാട്ട്, ഉഴവൂർ, കിടങ്ങൂർ മേഖലകളിലെ പുരുഷന്മാരും സ്ത്രീകളും യുവജനങ്ങളും ഉൾപ്പെടെ 80തോളം പേർ ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കാളികളായി. ശുചീകരണ കിറ്റുകളും അനുബന്ധ സാധനസാമഗ്രികളും കെ.എസ്.എസ്.എസിന്റെ നേതൃത്വത്തിൽ ലഭ്യമാക്കി. കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. സുനിൽ പെരുമാനൂർ, വെളിയനാട് സെന്റ് മൈക്കിൾസ് ചർച്ച് വികാരി ഫാ. മാത്യു കണ്ണാല, സ്വാശ്രയ സന്നദ്ധ പ്രവർത്തകർ എന്നിവർ നേതൃത്വം നൽകി.

## പ്രളയകെടുതി പുനരധിവാസ പ്രവർത്തനങ്ങൾ സന്നദ്ധ പ്രവർത്തകർക്കായി പരിശീലനം സംഘടിപ്പിച്ചു

പ്രളയകെടുതിയുടെ പശ്ചാത്തലത്തിൽ അതിരൂപതയുടെ നേതൃത്വത്തിൽ ഇടവക തലത്തിൽ നടത്തുന്ന പുനരധിവാസ

പ്രവർത്തനങ്ങളുടെ ഭാഗമായി അതിരൂപത സോഷ്യൽ ആക്ഷൻ കമ്മീഷന്റെ നേതൃത്വത്തിൽ സന്നദ്ധ പ്രവർത്തകർക്കായി ഏകദിന പരിശീലനം സംഘടിപ്പിച്ചു. തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ച പരിശീലന പരിപാടിയിൽ അതിരൂപത സഹായ മെത്രാൻ മാർ ജോസഫ് പണ്ടാരശ്ശേരിൽ അദ്ധ്യക്ഷ സന്ദേശം നൽകി. അതിരൂപതയുടെ നേതൃത്വത്തിൽ ദേവാലയങ്ങൾ, ആശുപത്രികൾ, സാമൂഹ്യ സേവന വിഭാഗങ്ങൾ, വൈദിക സന്ന്യസ്ത അത്മായ സമൂഹം, സംഘടനകൾ, അസോസിയേഷനുകൾ എന്നിവരുടെ സഹകരണത്തോടെ നടപ്പിലാക്കിയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നാനാജാതി മതസ്ഥർക്ക് സഹായമായെന്ന് അദ്ദേഹം പറഞ്ഞു. പ്രളയക്കെടുതി നേരിട്ടവർ സർക്കാരിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങളും സേവനങ്ങളും ഫലപ്രദമായി പ്രയോജനപ്പെടുത്തണമെന്നും സഹായങ്ങൾ ഏറ്റവും അർഹരായ ആളുകൾക്ക് എത്തിച്ചുകൊടുക്കുവാൻ കൂടുതൽ ശ്രദ്ധിക്കണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. അതിരൂപത വികാരി ജനറാളും സോഷ്യൽ ആക്ഷൻ കമ്മീഷൻ ചെയർമാനുമായ റവ. ഫാ. മൈക്കിൾ വെട്ടിക്കാട്ട്, കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി സെക്രട്ടറി ഫാ. സുനിൽ പെരുമാനൂർ, അസി. സെക്രട്ടറി ഫാ. മാത്യുസ് വലിയപുത്തൻപുരയിൽ, കോട്ടയം ഡെപ്യൂട്ടി തഹസിൽദാർ ജോർജ്ജ് കുര്യൻ എന്നിവർ പരിശീലനത്തിന് നേതൃത്വം നൽകി. പരിശീലനത്തോടനുബന്ധിച്ച് തുടർ പുനരധിവാസ പ്രവർത്തനങ്ങളുടെ സാധ്യതകൾ ചർച്ച ചെയ്യുകയും കർമ്മ പരിപാടികൾ രൂപീകരിക്കുകയും ചെയ്തു. അതിരൂപതയിലെ വിവിധ ഇടവകകളിൽ നിന്നായി 88 സന്നദ്ധ പ്രവർത്തകർ പങ്കെടുത്തു.

## കെ.എസ്.എസ്.എസ് സ്കൂൾ ഹെർബൽ ഗാർഡൻ പദ്ധതിയ്ക്ക് പുന്നത്തുറ സ്കൂളിൽ തുടക്കമായി

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ വിഭാവനം ചെയ്തിരിക്കുന്ന വിവിധ പരിസ്ഥിതി ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാന ഔഷധ സസ്യ ബോർഡുമായി സഹകരിച്ച് നടപ്പിലാക്കുന്ന സ്കൂൾ ഹെർ

ബൽ ഹാർഡൻ പദ്ധതിയ്ക്ക് പുന്നത്തുറ സെന്റ് തോമസ് എൽ.പി സ്കൂളിൽ തുടക്കമായി. പദ്ധതിയുടെ ഭാഗമായി സ്കൂളുകളിൽ കരിനെച്ചി, മുറികൂട്ടി, രാമച്ചം, വിഷപ്പച്ച. ഇൻസുലിൻ ചെടി, ഉമ്മം, ആര്യവേപ്പ്, രക്തചന്ദനം, നെല്ലി, നീർമരുത്, ആരോഗ്യ പച്ച, കർപ്പൂര തുളസി, കറ്റാർ വാഴ, ചിറ്റാടലോടകം, ബ്രഹ്മി, വാതം കൊല്ലി, കുടങ്ങൽ, ആനച്ചുവടി, താന്നി, കൂവളം, ഇലഞ്ഞി, പലകപയ്യാനി, സർവ്വ സുഗന്ധി, ലക്ഷ്മിത്തരു, മുള്ളാത്ത, കണിക്കൊന്ന, തിപ്പലി, ഗ്രാമ്പു, അകിൽ, കറുവ, ഏനായകം, ഉങ്ങ്, കരിംങ്കോത, ബുഷ്പെപ്പർ തുടങ്ങിയ എൺപതിൽപ്പരം ഔഷധ സസ്യങ്ങൾ ഉൾപ്പെടുത്തിയാണ് ഔഷധ ഉദ്യാനം ക്രമീകരിച്ചിരിക്കുന്നത്. പുന്നത്തുറ സെന്റ് തോമസ് പള്ളി വികാരി റവ. ഫാ. അഡ്വ. ജോസഫ് കീഴങ്ങാട്ട്, പുന്നത്തുറ സെന്റ് തോമസ് എൽ.പി സ്കൂൾ ഹെഡ്മിസ്ട്രസ് ഏലിയാമ്മ എബ്രാഹം എന്നിവർ സന്നിഹിതരായിരുന്നു.

## വനിതകൾക്കായി പ്ലംബിംഗ് & വയറിംഗ് പരിശീലനം സംഘടിപ്പിച്ചു

സ്വയം തൊഴിൽ നൈപുണ്യ വികസന പരിശീലന പരിപാടിയുടെ ഭാഗമായി കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ വനിതകൾക്കായി പ്ലംബിംഗ് & വയറിംഗ് പരിശീലന പരിപാടി സംഘടിപ്പിച്ചു. തെള്ളകം ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ച പരിശീലന പരിപാടിയോടനുബന്ധിച്ച് സിംഗിൾ ഫെയിസിംഗ് മോഡേൺ ഹൗസ് വയറിംഗ്, പൈപ്പ് ഫിറ്റിംഗ്സ്, വാട്ടർ കണക്ഷനിൽ നിന്നും പൈപ്പും ടാപ്പും ഘടിപ്പിച്ച് വെള്ളം എത്തിക്കുക തുടങ്ങിയവയിലാണ് പരിശീലനം നൽകിയത്. കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. സുനിൽ പെരുമാനൂർ, ആസ്ട്രൽ പൈപ്പ് കമ്പനി സൗത്ത് റീജിയൺ മാനേജർ ജിതിൻ ദാസ്, ടെക്നീഷ്യൻ ബിബിൻ ബാബു എന്നിവർ പരിശീലനത്തിന് നേതൃത്വം നൽകി. ഇരുപത്തിയഞ്ചോളം വനിതകൾ പരിശീലനത്തിൽ പങ്കെടുത്തു.

## അന്ധബധിര പുനരധിവാസ പദ്ധതി സംസ്ഥാനതല അഡ്വക്കസി മീറ്റിംഗ് സംഘടിപ്പിച്ചു

കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി സെൻസ് ഇന്റർനാഷണൽ ഇന്ത്യയുടെയും അസീം പ്രേംജി ഫിലാൻന്ത്രോപിക്

ഇനിഷ്യേറ്റീവ്സിന്റെയും സഹകരണത്തോടെ നടപ്പിലാക്കിവരുന്ന അന്ധബധിര പുനരധിവാസ പദ്ധതിയുടെ ഭാഗമായി സംസ്ഥാനതല അഡ്വക്കസി മീറ്റിംഗ് സംഘടിപ്പിച്ചു. ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ച അഡ്വക്കസി മീറ്റിംഗിന്റെ ഉദ്ഘാടനം അതിരമ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എൽസമ്മ മാത്യു നിർവ്വഹിച്ചു. കെ.എസ്.എസ്.എസ് അസി. സെക്രട്ടറി ഫാ. മാത്യുസ് വലിയപുത്തൻപുരയിൽ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. കെ.സി.ഡി.എ സ്റ്റേറ്റ് കോർഡിനേറ്റർ ചാക്കോച്ചൻ അമ്പാട്ട്, നവചൈതന്യ ഫെഡറേഷൻ പ്രസിഡന്റ് തോമസ് കൊറ്റോടം, കെ.എസ്.എസ്.എസ് പേരന്റ്സ് നെറ്റ്വർക്ക് പ്രസിഡന്റ് രാജു കെ., പ്രോജക്ട് കോർഡിനേറ്റർ ഷൈല തോമസ്, സ്പെഷ്യൽ എജ്യുക്കേറ്റേഴ്സ് സിസ്റ്റർ സിമി ഡി.സി.പി.ബി, ബീന ജോയ് എന്നിവർ പ്രസംഗിച്ചു. സോഷ്യൽ സെക്യൂരിറ്റി മിഷൻ പ്രതിനിധികൾ, അന്ധബധിര ഫെഡറേഷൻ അംഗങ്ങൾ, എസ്.എസ്.എ പ്രതിനിധികൾ, അന്ധബധിര വൈകല്യമുള്ള വ്യക്തികൾ തുടങ്ങി നൂറോളം പേർ മീറ്റിംഗിൽ പങ്കെടുത്തു. മീറ്റിംഗിനോടനുബന്ധിച്ച് സെമിനാറും നടത്തപ്പെട്ടു.

## നെറ്റ്വർക്ക് മീറ്റിംഗ് സംഘടിപ്പിച്ചു

അന്ധബധിര വൈകല്യമുള്ളവരുടെ സമഗ്ര പുനരധിവാസം ലക്ഷ്യമാക്കി കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റി സെൻസ് ഇന്റർ നാഷണൽ ഇന്ത്യയുടെയും അസീം പ്രേംജി ഫിലാൻന്ത്രോപിക് ഇനിഷ്യേറ്റീവ്സിന്റെയും സഹകരണത്തോടെ നടപ്പിലാക്കി വരുന്ന അന്ധബധിര പുനരധിവാസ പദ്ധതിയുടെ ഭാഗമായി പേരന്റ്സ് നെറ്റ്വർക്ക് മീറ്റിംഗ് സംഘടിപ്പിച്ചു. പാലാ ചേർപ്പുങ്കൽ സമരിറ്റൻ റിസോഴ്സ് സെന്ററിൽ സംഘടിപ്പിച്ച നെറ്റ്വർക്ക് മീറ്റിംഗിന്റെ ഉദ്ഘാടനം കിടങ്ങൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് റെനി ജെ.എൻ നിർവ്വഹിച്ചു. സമരിറ്റൻ റിസോഴ്സ് സെന്റർ ജോയിന്റ് ഡയറക്ടർ ഫാ. ജെയിംസ് വടക്കേകണ്ടംകരിയിൽ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. കെ.എസ്.എസ്.എസ് അസി. സെക്രട്ടറി ഫാ. മാത്യൂസ് വലിയപുത്തൻപുരയിൽ, കെ.എസ്.എസ്.എസ് അഡൽറ്റ് നെറ്റ് വർക്ക് മെമ്പർ സിബി ജോസഫ്, പേരന്റ്സ് നെറ്റ് വർക്ക് പ്രതിനിധി ഗീത സതീശൻ, കെ.എസ്.എസ്.എസ് സ്പെഷ്യൽ എജ്യൂക്കേറ്റർ സിസ്റ്റർ

അൽഫോൻസി എസ്.വി.എം എന്നിവർ പ്രസംഗിച്ചു. അന്ധബധിര വൈകല്യമുള്ള കുട്ടികളുടെ മാതാപിതാക്കളും അദ്ധ്യാപകരും മുതിർന്ന അന്ധബധിര വൈകല്യമുള്ള വ്യക്തികളും മീറ്റിംഗിൽ പങ്കെടുത്തു. മീറ്റിംഗിനോടനുബന്ധിച്ച് നടത്തപ്പെട്ട സെമിനാറിന് സി.എസ്.ഐ ബധിര സ്കൂൾ മാനേജർ ഡോ. ഗ്രേസ് നൈനാൻ നേതൃത്വം നൽകി.

## സ്മാർട്ട് പരിശീലനക്കളരി സംഘടിപ്പിച്ചു

അഞ്ച്, ആറ്, ഏഴ് ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ സമഗ്ര വളർച്ച ലക്ഷ്യമാക്കി കോട്ടയം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ രൂപീകൃതമായിരിക്കുന്ന സ്മാർട്ട് ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന പരിശീലകർക്കായി ഏകദിന പരിശീലനക്കളരി സംഘടിപ്പിച്ചു. ചൈതന്യ പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ച പരിശീലന പരിപാടിയുടെ ഉദ്ഘാടനം അതിരമ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എൽസമ്മ മാത്യു നിർവ്വഹിച്ചു. കേരള സോഷ്യൽ സർവ്വീസ് ഫോറം എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജോർജ്ജ് വെട്ടിക്കാട്ടിൽ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. കെ.എസ്.എസ്.എസ് സെക്രട്ടറി ഫാ. സുനിൽ പെരുമാനൂർ, സ്മാർട്ട് പരിശീലക പ്രമുദ നന്ദകുമാർ, ലിസി ചാക്കോ, ഹണി സെബാസ്റ്റ്യൻ എന്നിവർ പ്രസംഗിച്ചു. പരിശീലന കളരിയോടനുബന്ധിച്ച് സ്മാർട്ട് കൈപ്പുസ്ക പ്രകാശനവും സെമിനാറും കരകൗശല വസ്തുക്കളുടെ നിർമ്മാണ പരിശീലനവും കർമ്മരേഖാ രൂപീകരണവും നടത്തപ്പെട്ടു. നൂറ്റിനാൽപ്പത്തിയഞ്ച് പേർ പരിശീലനത്തിൽ പങ്കെടുത്തു.

**ഫാ. സുനിൽ പെരുമാനൂർ**
സെക്രട്ടറി, കെ.എസ്.എസ്.എസ്.

# മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി

## കർഷക ദിനാചരണം

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി ചിങ്ങം 1 കർഷക ദിനമായി ആചരിച്ചു. ആഘോഷത്തിന്റെ ഭാഗമായി മടമ്പം ലൂർദ്ദ് മാതാ പാരിഷ് ഹാളിൽ നടത്തിയ കാർഷിക സെമിനാർ മടമ്പം പള്ളി വികാരി റവ. ഫാ. ലൂക്ക് പൂതൃക്കയിൽ ഉദ്ഘാടനം ചെയ്തു. ഒരു രാജ്യത്തിന്റെ ഏറ്റവും വലിയ സമ്പത്ത് കൃഷിക്കാരാണെന്നും, നമ്മുടെ രാജ്യം ഒരു കാർഷിക സംസ്ക്കാരമുള്ള രാഷ്ട്രമാണെന്നും കൃഷിയെ മാറ്റി നിർത്തി നമുക്ക് ഒന്നും ചെയ്യാൻ സാധിക്കില്ലെന്നും നമ്മുടെ നാട്ടിൽ കൃഷിക്കാരന് അർഹമായ സ്ഥാനം ലഭിക്കുന്നി ല്ലെന്നും ഇത് പലരെയും കൃഷിയിൽ നിന്ന് അകറ്റിയെന്നും, ആയ തിനാൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ സർക്കാർ ജീവന ക്കാർക്ക് നൽകുന്ന അതേ പരിഗണന കൃഷിക്കാർക്ക് നൽകേണ്ടത് ആവശ്യമാണെന്നും അച്ചൻ പറയുകയുണ്ടായി. പ്രോഗ്രാമിൽ അദ്ധ്യ ക്ഷത വഹിച്ച മലബാർ സോഷ്യൽ സർവീസ് സൊസൈറ്റി സെക്ര ട്ടറി ബിബിൻ കണ്ടോത്ത് അച്ചൻ കർഷകരുടെ പ്രസക്തിയും, കാർഷിക മേഖല ഇനിയും ഉയരേണ്ട ആവശ്യകതയെക്കുറിച്ചും പറയുകയുണ്ടായി. കേരളത്തിലുണ്ടായ അതിരൂക്ഷമായ പ്രളയം കാർഷിക മേഖലയിൽ വരുത്തിയ വലിയ നാശത്തെക്കുറിച്ച് പറഞ്ഞ അച്ചൻ എല്ലാം നഷ്ടപ്പെട്ട കർഷകരുടെ ആശങ്ക പങ്കു വയ്ക്കു കയും ചെയ്തു. ദിനാഘോഷത്തിന്റെ ഭാഗമായി നടത്തിയ കാർഷിക സെമിനാർ ശ്രീകണ്ഠപുരം കൃഷിഭവൻ കൃഷി അസിസ്റ്റന്റ് എം. എം. രമേശൻ ക്ലാസ്സെടുത്തു. കൃഷി വകുപ്പ് മുഖേന വനിതകൾക്ക് പച്ചക്കറി വിത്തിന്റെ വിതരണവും ഇദ്ദേഹം നിർവഹിക്കുകയുണ്ടാ യി. മാസ്സ് പ്രോഗ്രാം മാനേജർ അബ്രഹാം ഉള്ളാടപ്പുള്ളിൽ സ്വാഗ തവും, കോ-ഓർഡിനേറ്റർ റെനി സിബി നന്ദിയും പറഞ്ഞു.

## ക്വിസ്സ് മത്സരം

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി ഒടയംചാൽ യൂണി റ്റിൽ പ്രവർത്തിക്കുന്ന ‘അക്ഷര’ വനിത സ്വാശ്രയസംഘം സ്വാത

ന്ത്ര്യദിനാഘോഷത്തിന്റെ ഭാഗമായി ക്വിസ്സ് മത്സരം സംഘടിപ്പിച്ചു. ആധുനിക ഇന്ത്യ ഇന്ന് നേരിടുന്ന വെല്ലുവിളികൾ എന്നതായിരുന്നു വിഷയം. പ്രോഗ്രാമിന് സി. സ്നേഹ എസ്.ജെ.സി., ആൻസി ജോസഫ് എന്നിവർ നേതൃത്വം നൽകി. ക്വിസ്സ് മത്സരത്തിൽ സെലിൻ ജോർജ് ഒന്നാം സ്ഥാനവും, പ്രിയ ബിനോയ് രണ്ടാം സ്ഥാനവും കരസ്ഥമാക്കി.

## ഫുഡ് പ്രോസസിംഗ് ട്രെയിനിംഗ്

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ചുള്ളിക്കരയിലെ വനിത സ്വാശ്രയ സംഘം അംഗങ്ങൾക്കായി ഇഞ്ചി സ്ക്വാഷ്, പൈനാപ്പിൾ സ്ക്വാഷ് നിർമ്മാണം എന്നിവയിൽ പരിശീലനം നൽകുകയുണ്ടായി. സ്വയം തൊഴിൽ പദ്ധതിയുടെ വരുമാനം വർദ്ധിപ്പിച്ച് സാമ്പത്തിക നിലവാരം ഉയർത്തുക എന്നതാണ് സ്വയം തൊഴിൽ പദ്ധതിയിലൂടെ മാസ്സ് ലക്ഷ്യം വയ്ക്കുന്നത്. പ്രോഗ്രാമിന് സി. സ്നേഹ എസ്.ജെ.സി., ആൻസി ജോസഫ് എന്നിവർ നേതൃത്വം നൽകി. പരിശീലനത്തിൽ 25 സ്ത്രീകൾ പങ്കെടുത്തു.

## ബഡ്ഡിംഗ് പരിശീലനം

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ഉദയപുരം അയ്റോഡ് യൂണിറ്റിൽ ഉദയപുരത്ത് പ്രവർത്തിക്കുന്ന വനിത സ്വാശ്രയ സംഘങ്ങൾക്ക് ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ഉദ്പ്പാദിപ്പിച്ച് വിതരണം നടത്താനും, സ്വയം തൊഴിൽ സംരംഭത്തിലൂടെ വരുമാനം വർദ്ധിപ്പിക്കുക എന്നീ കാര്യങ്ങൾ ലക്ഷ്യം വച്ചുകൊണ്ട് ബഡ്ഡിംഗ് പരിശീലനം നടത്തുകയുണ്ടായി. പ്രോഗ്രാമിന് സി. സ്നേഹ എസ്.ജെ.സി., കോ-ഓർഡിനേറ്റർ ആൻസി ജോസഫ് എന്നിവർ നേതൃത്വം നൽകി. പരിശീലന പരിപാടിയിൽ 20 വനിതകൾ പങ്കെടുത്തു.

## സ്വാശ്രയസംഘം കൂട്ടായ്മകൾ നടത്തി

മലബാർ സോഷ്യൽ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ മടമ്പം മേഖലയിൽ പ്രവർത്തിച്ച് വരുന്ന വനിത സ്വാശ്രയസംഘം അംഗങ്ങളുടെ കൂട്ടായ്മ യൂണിറ്റ് അടിസ്ഥാനത്തിൽ നടത്തി. അരയങ്ങാട്, പോത്തുകുഴി യൂണിറ്റുകളിൽ ഫാ. ജോഷി വലിയവീട്ടിൽ,

മടമ്പം യൂണിറ്റിൽ റവ. ഫാ. ലൂക്ക് പൂതൃക്കയിൽ, മൈക്കിൾഗിരി യൂണിറ്റിൽ ഫാ. റെജി പുല്ലുവട്ടം, പെരിങ്ങാല യൂണിറ്റിൽ ഫാ. ബിനു ഉറുമ്പിൽകരോട്ട്, പന്ന്യാൽ യൂണിറ്റിൽ ഫാ. സിനോജ് കാരിപ്ലാക്കിൽ എന്നിവരും കാനംവയൽ, കണ്ടകശ്ശേരി, ചമതച്ചാൽ, കൊട്ടൂർവയൽ യൂണിറ്റുകളിൽ ഫെഡറേഷൻ പ്രസിഡന്റുമാരും അദ്ധ്യക്ഷത വഹിച്ചു. പ്രോഗ്രാമിൽ മാസ്സ് പ്രോഗ്രാം മാനേജർ അബ്രഹാം ഉള്ളാടപ്പുള്ളിൽ ക്ലാസ്സ് നയിച്ചു. ഗ്രാമവികസന സമിതി മാസ്സ് ലോക്കൽ യൂണിറ്റ് തുടങ്ങിയവയുടെ പ്രവർത്തനങ്ങളും ചർച്ച ചെയ്യുകയുണ്ടായി. മേഖല കോ-ഓർഡിനേറ്റർ റെനി സിബി, ആനിമേറ്റേഴ്സ് എന്നിവർ നേതൃത്വം നൽകി.

## വിത്ത് വിതരണം നടത്തി

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിലാക്കുന്ന ജൈവഗ്രാമം പദ്ധതിയുടെ ഭാഗമായി കള്ളാർ, ശ്രീകണ്ഠാപുരം കൃഷിവകുപ്പുകളുടെ സഹായത്തോടെ രാജപുരം, മടമ്പം മേഖലകളിൽ പച്ചക്കറി വിളകൾ വിതരണം ചെയ്തു. കൊട്ടോടി മാസ്സ് ട്രെയിനിംഗ് സെന്ററിൽ വച്ച് നടത്തിയ പ്രോഗ്രാമിൽ മാസ്സ് സെക്രട്ടറി ഫാ. ബിബിൻ കണ്ടോത്ത് അദ്ധ്യക്ഷത വഹിച്ചു. പച്ചക്കറി വിത്തുകളുടെ വിതരണ ഉദ്ഘാടനം കൊട്ടോടി സെന്റ് ആൻസ് പള്ളി വികാരി ഫാ. ഷാജി മേക്കര നിർവഹിച്ചു. മടമ്പം ലൂർദ്ദ്മാതാ പാരിഷ് ഹാളിൽ വച്ച് നടത്തിയ പ്രോഗ്രാമിൽ മാസ്സ് സെക്രട്ടറി അദ്ധ്യക്ഷത വഹിച്ചു. പച്ചക്കറി വിളകളുടെ വിതരണോദ്ഘാടനം ശ്രീകണ്ഠപുരം കൃഷി ഭവൻ കൃഷി അസിസ്റ്റന്റ് രമേശൻ എം.എം. നിർവഹിച്ചു. മടമ്പം ഫൊറോന പള്ളി വികാരി റവ. ഫാ. ലൂക്ക് പൂതൃക്കയിൽ ആശംസ പ്രസംഗം നടത്തി. മാസ്സ് പ്രോഗ്രാം മാനേജർ അബ്രഹാം ഉള്ളാടപ്പുള്ളിൽ, സി. സ്നേഹ എസ്.ജെ.സി., ആൻസി ജോസഫ്, കോ-ഓർഡിനേറ്റർ റെനി സിബി എന്നിവർ നേതൃത്വം നൽകി.

## റിവ്യൂ മീറ്റിംഗ്

മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റി ദേശീയ കാർഷിക ഗ്രാമവികസന ബാങ്കിന്റെ സഹകരണത്തോടെ പയ്യാവൂർ ഗ്രാമപ

ഞ്ചായത്ത്, എരുവേശ്ശി ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിലെ 11 കോളനിയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സമഗ്ര ആദിവാസി വികസന പദ്ധതിയുടെ റിവ്യു മീറ്റിംഗ് തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന നബാർഡ് കേരള റീജിയൺ ഓഫീസിൽ വച്ച് നടക്കുകയുണ്ടായി. പ്രോഗ്രാമിൽ നബാർഡ് ചീഫ് ജനറൽ മാനേജർ വി.ആർ. ശ്രീനിവാസന്റെ നേതൃത്വത്തിൽ മാസ്സ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന റ്റി.ഡി.എഫ്. പദ്ധതിയുടെ 4 വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും, പ്രൊജക്ട് സംബന്ധിച്ച് നബാർഡ് അധികൃതർ സംതൃപ്തി പ്രകടിപ്പിക്കുകയും ചെയ്തു. റിവ്യൂ മീറ്റിംഗ് പ്രൊജക്ട് ഓഫീസർ ജോബി ജോൺ, പ്രോഗ്രാം മാനേജർ അബ്രഹാം ഉള്ളാടപ്പുള്ളിൽ എന്നിവർ പങ്കെടുത്തു. 213 ലക്ഷം രൂപയുടെ പദ്ധതികളാണ് കോളനികളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

## പ്രളയബാധിത പ്രദേശസന്ദർശനം

2018 ഓഗസ്റ്റ് 20, 21 തീയതികളിൽ അഭിവന്ദ്യ ജോസഫ് പണ്ടാരശ്ശേരിൽ പിതാവിന്റെ നേതൃത്വത്തിൽ മാസ്സ് സെക്രട്ടറി ഫാ. ബിബിൻ കണ്ടോത്ത്, ഫാ. ലിജോ കൊച്ചുപറമ്പിൽ വയനാടിന്റെ വിവിധ ദുരിതബാധിത പ്രദേശങ്ങൾ സന്ദർശിച്ചു. 20-ാം തീയതി 11.30 ന് മാനന്തവാടി പാവന പാസ്റ്ററൽ സെന്ററിൽ എത്തിച്ചേർന്ന ക്യാമ്പ് സന്ദർശിച്ച് ബഹു. ജോസ് തറക്കൂട്ടിൽ അച്ചനോട് അവിടുത്തെ സ്ഥിതിഗതികൾ ചോദിച്ചറിഞ്ഞ് ക്യാമ്പിലുള്ള ആൾക്കാരുമായി സംസാരിച്ച് അവരെ ആശ്വസിപ്പിച്ചു. പാവന പാസ്റ്ററൽ സെന്ററിൽ 213 അംഗങ്ങളുണ്ടായിരുന്നു. തുടർന്ന് വെള്ളമുണ്ട സെന്റ് ആൻസ് സ്കൂളിൽ ഏർപ്പെടുത്തിയിരിക്കുന്ന ക്യാമ്പ് സന്ദർശിച്ച് അവരോട് വിവരങ്ങൾ ആരായുകയും, അവരെ ആശ്വസിപ്പിക്കുകയും ചെയ്തു. അവർക്കൊപ്പം ഉച്ചഭക്ഷണം കഴിച്ചു. ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ നേതൃത്വം നൽകിയ ബഹു. സ്റ്റിജോ തേക്കുംകാട്ടിൽ അച്ചനേയും, ബഹു. അനീഷ് മാവേലിപുത്തൻപുരയിൽ അച്ചനേയും പ്രത്യേകമായി അഭിനന്ദിച്ചു. ഈ ക്യാമ്പിൽ 255 പേർ ഉണ്ടായിരുന്നു.

തുടർന്ന് തേറ്റമല, പുതുശ്ശേരി, കോട്ടത്തറ, ഏച്ചോം തുടങ്ങിയ ഇടവകയ്ക്ക് കീഴിലുള്ള വീടുകളും കൃഷിയിടങ്ങളും, സംരംഭങ്ങളും സന്ദർശിക്കുകയും സ്ഥിതിഗതികൾ വിലയിരുത്തുകയും ചെയ്തു. തുടർന്ന് പുളിഞ്ഞാൽ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ സ്ഥിതി ചെയ്യുന്ന ക്യാമ്പ് സന്ദർശിക്കുകയും, അവരെ ആശ്വസിപ്പിക്കുകയും, വിവിധ ഗവൺമെന്റ് ഡിപ്പാർട്ട്മെന്റിലുള്ള ഉദ്യോഗസ്ഥരുമായി സ്ഥിതിഗതികൾ ചർച്ച ചെയ്യുകയും ചെയ്തു. 21-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് മാനന്തവാടി പാവന പാസ്റ്ററൽ സെന്ററിൽ വച്ച് അഭിവന്ദ്യ പണ്ടാരശ്ശേരിൽ പിതാവിന്റെ അദ്ധ്യക്ഷതയിൽ പ്രളയക്കെടുതി സംബന്ധിച്ച് ഒരു പ്രത്യേക മീറ്റിംഗ് വിളിച്ചുകൂട്ടി. പെരിക്കല്ലൂർ ഫൊറോനയിലെ വൈദികർ, സിസ്റ്റേഴ്സിന്റെ പ്രതിനിധികൾ, പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, ജനപ്രതിനിധികൾ, ഇടവക പ്രതിനിധികൾ എന്നിങ്ങനെ 40 പേർ ഈ മീറ്റിങ്ങിൽ പങ്കെടുത്തു. മീറ്റിങ്ങിൽ ജോസ് തറക്കൂട്ടിൽ അച്ചൻ ഏവരേയും സ്വാഗതം ചെയ്തു. സുനിൽ പാറക്കൽ അച്ചൻ ചർച്ച നിയന്ത്രിച്ചു. അടിയന്തരമായി ശ്രദ്ധ നൽകേണ്ട കാര്യങ്ങൾ, ഗവൺമെന്റിൽനിന്നും ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുക, മുൻഗണന നൽകേണ്ട കാര്യങ്ങളും തുടർനടപടികളും എന്നീ വിഷയങ്ങൾ ചർച്ച ചെയ്യുകയും ഈടുറ്റ ആശയങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു. കോട്ടയം അതിരൂപതയുടെ സഹായവും പ്രാർത്ഥനയും നിങ്ങൾക്കൊപ്പമുണ്ടെന്ന് പിതാവ് സമാപനസന്ദേശത്തിൽ അറിയിച്ചു.

**ഫാ. ബിബിൻ കണ്ടോത്ത്**
സെക്രട്ടറി, മാസ്സ്

.

# അഭി. മൂലക്കാട്ട് പിതാവിന്റെ ഡയറിയിൽ നിന്ന്

**ഓഗസ്റ്റ് 2018**

7 പി.ഒ.സി.യിൽ നടന്ന കെ.സി.ബി.സി. കൊളോക്യത്തിൽ പങ്കെടുത്തു.

7-11 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന കെ.സി.ബി.സി. വാർഷിക ധ്യാനത്തിൽ പങ്കെടുത്തു.

12 കൈപ്പുഴ ഇടവകയിൽ ഇടയ സന്ദർശനം നടത്തി.

13 തൂവാനീസയിൽ നടന്ന അഖണ്ഡജപമാലയോടനുബന്ധിച്ച് വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

\- ചാമക്കാല എൽ.പി. സ്കൂളിന്റെ ശതാബ്ദിയോടനുബന്ധിച്ച് ചാമക്കാല ഇടവകയിൽ വി. ബലിയർപ്പിക്കുകയും പുതുതായി നിർമ്മിച്ച സ്കൂൾ കെട്ടിടം വെഞ്ചരിക്കുകയും ചെയ്തു.

15 മള്ളൂശ്ശേരി വിസിറ്റേഷൻ മഠത്തിന്റെ സുവർണജൂബിലി സമാപനത്തിൽ മള്ളൂശ്ശേരി പള്ളിയിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി.

\- അപ്നാദേശിന്റെ നേതൃത്വത്തിൽ ചൈതന്യയിൽ നടത്തിയ 'മെറിറ്റ് ഡേ' ഉദ്ഘാടനം ചെയ്തു.

16 വി. പത്താം പീയൂസിന്റെ തിരുനാളിനോടനുബന്ധിച്ച് എം.എസ്.പി. സെമിനാരിയിൽ വി. ബലിയർപ്പിച്ചു.

17 വടവാതൂർ സെമിനാരിയിൽ നടന്ന നാഷണൽ സിമ്പോസിയം ഉദ്ഘാടനം ചെയ്തു.

19 കല്ലിശ്ശേരി സ്കൂളിൽ പ്രവർത്തിച്ച ദുരിതാശ്വാസ ക്യാമ്പ് സന്ദർശിച്ചു.

24 വിസിറ്റേഷൻ സന്ന്യാസിനി സമൂഹാംഗമായ അന്നമ്മ സഹോദരിയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കിടങ്ങൂർ വിസിറ്റേഷൻ മഠം ചാപ്പലിൽ കാർമ്മികത്വം വഹിച്ചു.

- കൂടല്ലൂർ ഇടവകാംഗം നിര്യാതയായ ഏലിയാമ്മ കോക്കപ്പള്ളിലിന്റെ ഭവനത്തിൽ പരേതയ്ക്കുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.
- മ്രാല ഇടവകാംഗം നിര്യാതനായ കല്ലേൽ ചാക്കോയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് ദേവാലയത്തിന്റെ കാർമ്മികത്വം വഹിച്ചു.

26 മാറിയിടം ഇടവകയിൽ ഇടയസന്ദർശനം നടത്തി.

27,28 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന പെർമനന്റ് സിനഡിൽ പങ്കെടുത്തു.

29 അതിരൂപതാ സ്ഥാപനദിനത്തിൽ കോട്ടയം ക്രിസ്തുരാജ കത്തീഡ്രലിൽ വി. ബലിയർപ്പിച്ചു.

31 പി.ഒ.സി.യിൽ നടന്ന കെ.സി.ബി.സി. എക്സിക്യൂട്ടീവ് മീറ്റിംഗിൽ പങ്കെടുത്തു.

- കേരളത്തിലുണ്ടായ പ്രളയം മൂലം കഷ്ടതയനുഭവിക്കുന്നവർക്ക് വേണ്ടി പി.ഒ.സി.യിൽ സംഘടിപ്പിച്ച പ്രാർത്ഥനാ കൂട്ടായ്മയിൽ പങ്കെടുത്തു.

**സെപ്റ്റംബർ 2018**

2 കുറുമുള്ളൂർ ഇടവകയിൽ ഇടയ സന്ദർശനം നടത്തി.

3 ചൈതന്യയിൽ കൂടിയ സോഷ്യൽ ആക്ഷൻ കമ്മീഷന്റെയും ഫൊറോന വികാരിമാരുടെയും സംയുക്ത മീറ്റിംഗിൽ പങ്കെടുത്തു.

4 തൂവാനീസയിൽ കൂടിയ ബഹു. വികാരിയച്ചന്മാരുടെയും കണക്കന്മാരുടെയും കൈക്കാരന്മാരുടെയും മീറ്റിംഗിൽ പങ്കെടുത്തു.

- അതിരൂപതാ മെത്രാസന മന്ദിരത്തിൽ കൂടിയ ഫിനാൻസ് കൗൺസിൽ മീറ്റിംഗിൽ പങ്കെടുത്തു.

# ENGAGEMENTS

## Mar Mathew Moolakkatt

**September 2018**

5-7 Highrange Visit.

7 Holy Qurbana at Bisonvalley.

8 Navathy Celebration of Mr. Issac Kattuvally at Darsana Auditorium.

9 Pastoral Visit at Piravom.

11 Presbyteral Council at Chaithanya.

\- Chaithanya Commissions Meet at Chaithanya.

12 Holy Qurbana at Cathedral on the Prayer Day Conducted by CBCI, KCBC Charismatic Commission and National Charismatic Team.

13-17 To USA.

15 Church Blessing at New York.

20 Holy Qurbana and Inauguration of the Thuvanisa Bible Convention at Thuvanisa.

21 Holy Qurbana and Blessing of the Old Age Home at Kallara New.

22 Holy Qurbana at Uzhavoor.

23 Pastoral Visit at Uzhavoor.

26-28 CBCI Standing Committee at Banglore.

**October**

2 Sisters' Meet at Madhanaha.

# അഭി. പണ്ടാരശ്ശേരിൽ പിതാവിന്റെ ഡയറിയിൽ നിന്ന്

**ഓഗസ്റ്റ് 2018**

7-11 മൗണ്ട് സെന്റ് തോമസിൽ നടന്ന കെ.സി.ബി.സി. വാർഷികധ്യാനത്തിൽ പങ്കെടുത്തു.

12 ചൈതന്യയിൽ നടന്ന വിൻസന്റ് ഡി പോൾ കോട്ടയം സെൻട്രൽ കൗൺസിലിന്റെ വാർഷിക പൊതുസമ്മേളനം ഉദ്ഘാടനം ചെയ്തു.

15 പുനർനിർമ്മാണം നടത്തിയ മംഗലഡാം പള്ളിയുടെ വെഞ്ചരിപ്പ് നടത്തി വി. കുർബാന അർപ്പിച്ചു.

20,21 വയനാട് ജില്ലയിലെ പ്രളയബാധിത പ്രദേശങ്ങളായ മാനന്തവാടി, വെള്ളമുണ്ട, പുതുശ്ശേരി, തേറ്റമല, പുളിഞ്ഞാൽ, ഏച്ചോം, കോട്ടതറ പ്രദേശങ്ങൾ സന്ദർശിച്ചു.

31 മലബാർ സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ച് സംസാരിച്ചു.

**സെപ്റ്റംബർ**

2 കെ.സി.വൈ.എൽ. മലബാർ റീജിയൺ സെനറ്റ് മീറ്റിംഗ് ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

3 ചൈതന്യയിൽ നടത്തിയ അതിരൂപതാ സോഷ്യൽ ആക്ഷൻ കമ്മിറ്റി മീറ്റിംഗിൽ സംബന്ധിച്ചു.

4 അരമനയിൽ കൂടിയ അതിരൂപതാ ഫിനാൻസ് കമ്മിറ്റി മീറ്റിംഗിൽ പങ്കെടുത്തു.

# ENGAGEMENTS

## Mar Joseph Pandarasseril

**September 2018**

5 Kottody St. Anne's School Trust Meeting at Kottody.

- Staff Meeting of St. Pius X College Rajapuram.

8,9 Pastoral Visit at Pius Nagar.

11 Presbyteral Council at Chaithanya.

- CEFAK Central Committee at Chaithanya.

16 SMYM Tamil Nadu Region and Ramanathapuram Diocese Conferance Inauguration at Ramanathapuram.

19,20 Bi-monthly of Preist's Malabar Region, at Barmariam Kannur.

20 Knanaya Malabar Kudiyetta Platinum Jubilee General body Meeting at Barmariam Kannur.

21 Junior Priests's gathering at Barmariam Kannur.

22 Holy Qurbana for KCYL at Mariamala Pazhuthuruth and Interaction with the Youth.

23 Holy Qurbana at Thuvanisa Convention.

**October**

1 To Rome for the Youth Synod.

# പൗരോഹിത്യ ആദ്ധ്യാത്മികത: സുവിശേഷവിചിന്തനങ്ങൾ
## മല്പാൻ മോൺ. മാത്യു വെള്ളാനിക്കൽ

# പുരോഹിതൻ: അരൂപിയുടെ മനുഷ്യൻ

**(തിരുവചനഭാഗം: ശ്ലീഹ 8, 1-40)**

പുരോഹിതന്റെ ആദ്ധ്യാത്മികത അവശ്യം സഭാത്മകമാണ്. സഭാശുശ്രൂഷയോട് ബന്ധപ്പെട്ടതും സഭാശുശ്രൂഷയ്ക്ക് പുരോഹിതനെ പ്രാപ്തനാക്കുന്നതുമാണ് പുരോഹിതാദ്ധ്യാത്മികത. സഭ അരൂപിയിൽ ജനിച്ച് വളരുന്നവരുടെ സമൂഹമായതുകൊണ്ട് പുരോഹിതന്റെ ആദ്ധ്യാത്മികതയും അരൂപിയിലുള്ള ജീവിതമായിരിക്കണം. ശ്ലീഹന്മാരുടെ പ്രവർത്തനങ്ങൾ 8-ാം അദ്ധ്യായം പീഡനങ്ങളിലൂടെ വളരുന്ന ഒരു സമൂഹമായിട്ടാണ് സഭയെ ചിത്രീകരിക്കുന്നത്. സഭാ പീഡനത്തിന്റെ ഫലമായി ചിതറിക്കപ്പെട്ടവർ യൂദയായിലെയും സമറിയായിലെയും ഗ്രാമങ്ങളിൽ ചുറ്റിസഞ്ചരിക്കുകയും വചനം പ്രസംഗിക്കുകയും ചെയ്തതിന്റെ ഫലമായി അവിടെയുള്ളവർ വിശ്വസിക്കുകയും മാമ്മോദീസാ സ്വീകരിക്കുകയും ചെയ്യുന്നു. അപ്രകാരം സഭ സഹനങ്ങളിലൂടെ വളരുന്നു. സഭയുടെ ജീവിതത്തിലും വളർച്ചയിലും അരൂപിയുടെ സ്ഥാനത്തെയും പ്രാധാന്യത്തെയുമാണല്ലോ അതു സൂചിപ്പിക്കുന്നത്. ഈ അദ്ധ്യായത്തെ അഞ്ചു ഭാഗങ്ങളായി തിരിക്കാം:

1. 8,1-4 സഭയുടെ പീഡനവും വളർച്ചയും
2. 8,5-13 സമറിയാക്കാരുടെ വിശ്വാസവും മാമ്മോദീസായും
3. 8,14-25 സമറിയായിലെ സഭാംഗങ്ങൾ പരിശുദ്ധാരൂപിയാൽ പൂർണരാക്കപ്പെടുന്നു
4. 8,26-35 പീലിപ്പോസും എത്യോപ്യാക്കാരനും
5. 8,36-40 എത്യോപ്യാക്കാരന്റെ മാമ്മോദീസാ

**1. സഹനങ്ങളിലൂടെ വളരുന്ന സഭാസമൂഹം**

"*എന്നാൽ, സാവൂൾ സഭയെ നശിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. അവൻ വീടുതോറും കയറിയിറങ്ങി സ്ത്രീപുരുഷന്മാരെ വലി*

*ച്ചിഴച്ചുകൊണ്ടുവന്ന് തടവിലാക്കി. ചിതറിക്കപ്പെട്ടവർ, വചനം പ്രസം ഗിച്ചുകൊണ്ടു ചുറ്റിസഞ്ചരിച്ചു*" (8,3-4).

സ്തേഫാനോസിന്റെ വധത്തിനുശേഷം ജറുസലേമിലെ സഭയ്ക്ക് പീഡനവും ഞെരുക്കവും സഹിക്കേണ്ടതായിവന്നു. അതിന്റെ ഫല മായി ശ്ലീഹന്മാരല്ലാത്തവരെല്ലാം ജറുസലേം വിട്ട് യൂദയായിലെ ഗ്രാമ പ്രദേശങ്ങളിലും സമറിയായിലും ചിതറിപ്പോയി (8,1). ശ്ലീഹന്മാർ ജറു സലേമിൽത്തന്നെ താമസിക്കുവാൻ മുതിർന്നത് അവരുടെ ശ്ലൈഹി കമായ ഉത്തരവാദിത്വബോധംകൊണ്ടായിരിക്കണം. പീഡനമുണ്ടാ യത് പ്രധാനമായും വിദേശവുമായി ബന്ധമുള്ള ഗ്രീക്കുയഹൂദക്രൈ സ്തവർക്കായിരിക്കണം. സഭയ്ക്കുള്ളിൽ പ്രശ്നമുണ്ടായതും അവ രിൽനിന്നാണല്ലോ. പ്രശ്നപരിഹാരത്തിനു നിയമിതരായ ഏഴു ഡീക്ക ന്മാരും അവരിൽനിന്നായിരുന്നുവെന്നത് അതിന്റെ സൂചനയാണ് (ശ്ലീഹ 6,1-7). പിന്നീട് സമറിയായിൽ സുവിശേഷം പ്രസംഗിക്കാൻ പോകുന്നത് ഏഴു പേരിൽ ഒരാളായ പീലിപ്പോസുതന്നെയാണ്. സഭ യുടെ ഉള്ളിലും പുറമേനിന്നും പ്രശ്നങ്ങളുണ്ടാകുന്നത് സഭാത്മക ജീവിതത്തിന്റെ ഫലമായിട്ടല്ല. മറ്റു മാനുഷികമായ പരിഗണനകളും പരിമിതികളുംമൂലമാണെന്ന് ഇതു സൂചിപ്പിക്കുന്നു.

സഭാംഗങ്ങളെ പീഡിപ്പിക്കുന്നതിനു നേതൃത്വം കൊടുത്തത് പിന്നീട് പൗലോസായി മാറിയ സാവൂൾ ആയിരുന്നു (8,1.3). യഹൂദ മതവിശ്വാസത്തിൽ തീക്ഷ്ണമായ നിലപാടുണ്ടായിരുന്ന ഒരു വ്യക്തി യായിരുന്നു അദ്ദേഹമെന്ന്, മാനസാന്തരശേഷമുള്ള പൗലോസിന്റെ വാക്കുകൾ വ്യക്തമാക്കുന്നുണ്ട് (26,1-11). എന്നാൽ, പീഡനം സഭാ വളർച്ചയ്ക്ക് സഹായകമായിത്തീർന്നു. അതുമൂലം വിശ്വാസികൾ പല സ്ഥലങ്ങളിലുമായി ചിതറി. ചിതറിക്കപ്പെട്ടവർ, പോയിടത്തെല്ലാം വചനം പ്രസംഗിച്ചുകൊണ്ട് ചുറ്റിസഞ്ചരിച്ചു (8,4). തന്റെ ജീവിത ത്തെക്കുറിച്ചും ശിഷ്യത്വത്തെക്കുറിച്ചും ഈശോ അരുളിച്ചെയ്ത വാക്കുകൾ ഇവിടെ അന്വർത്ഥമാകുകയാണ്: "സത്യം സത്യമായി

ഞാൻ നിങ്ങളോടു പറയുന്നു, ഗോതമ്പുമണി നിലത്തുവീണ് അഴിയുന്നില്ലെങ്കിൽ അത് അതേപടിയിരിക്കും. അഴിയുന്നെങ്കിലോ അതു വളരെ ഫലം പുറപ്പെടുവിക്കും...." (യോഹ 12,24-26). പീഡനത്തിലൂടെ സഭ വളരുന്നതിന്റെ പിന്നിൽ പ്രവർത്തിക്കുന്നത് അരൂപിയുടെ ശക്തിയാണ്. കല്ലെറിഞ്ഞു കൊല്ലപ്പെട്ടപ്പോൾ സ്തേഫാനോസിന് ഈശോയെ മഹത്ത്വത്തിൽ ദർശിക്കാനും ഈശോയുടെ അരൂപിയിൽ പ്രാർത്ഥിക്കാനും സാധിച്ചത് പരിശുദ്ധാരൂപിയാലായിരുന്നല്ലോ (7,55-56.60). അരൂപിയിൽ ശക്തിപ്രാപിച്ച് സഹനങ്ങളെ അതിജീവിച്ച് വചനശുശ്രൂഷ നിർവഹിക്കുവാൻ എല്ലാ വിശ്വാസികൾക്കും, പ്രത്യേകിച്ച് പുരോഹിതനും കഴിയണം.

**2. സുവിശേഷപ്രഘോഷണത്തിലൂടെ വിശ്വസിക്കുന്ന സഭാസമൂഹം**

"*എന്നാൽ, ദൈവരാജ്യത്തെക്കുറിച്ചും ഈശോമിശിഹായുടെ നാമത്തെക്കുറിച്ചും പീലിപ്പോസ് പ്രസംഗിച്ചപ്പോൾ സ്ത്രീപുരുഷഭേദമെന്യേ എല്ലാവരും വിശ്വസിച്ചു മാമ്മോദീസാ സ്വീകരിച്ചു. ശിമയോൻപോലും വിശ്വസിച്ചു. അവൻ മാമ്മോദീസാ സ്വീകരിച്ച് പീലിപ്പോസിന്റെ കൂടെച്ചേർന്നു. സംഭവിച്ചുകൊണ്ടിരുന്ന അടയാളങ്ങളും വലിയ അത്ഭുതപ്രവൃത്തികളും കണ്ട് അവൻ ആശ്ചര്യഭരിതനായി*" (8,12-13).

ജറുസലേമിൽനിന്നും ചിതറിക്കപ്പെട്ടവർ വചനം പ്രസംഗിച്ചതിന്റെ ഫലമായി സഭാസമൂഹം വളർന്നത് യൂദയായുടെയും സമറിയായുടെയും ഗ്രാമങ്ങളിലായിരുന്നു. അപ്രകാരം ഒരുക്കപ്പെട്ട സമറിയായിലെ പട്ടണത്തിലേയ്ക്കാണ് പീലിപ്പോസ് ചെന്ന് സുവിശേഷപ്രഘോഷണം നടത്തിയത്. ഈശോ ശ്ലീഹന്മാരോടു പറഞ്ഞ വാക്കുകൾ ഇവിടെ അന്വർത്ഥമാകുകയാണ്: "പരിശുദ്ധാത്മാവു നിങ്ങളുടെമേൽ വന്നു കഴിയുമ്പോൾ നിങ്ങൾ ശക്തിപ്രാപിക്കും. ജറുസലേമിലും യൂദയാ മുഴുവനിലും സമറിയായിലും ഭൂമിയുടെ അതിർത്തികൾവരെയും നിങ്ങൾ എനിക്കു സാക്ഷികളായിരിക്കുകയും ചെയ്യും" (1,8). ഈശോയുടെ പരസ്യജീവിതകാലത്ത് ശിഷ്യരുടെ പ്രേഷിത

പ്രവർത്തനത്തിൽനിന്നും സമറിയായെ ഒഴിവാക്കിയിരുന്നെങ്കിലും (മത്താ 10,5) പിന്നീട്, സമറിയായിലൂടെത്തന്നെയാണ് സകല ജനതകളിലേക്കും സുവിശേഷം കടന്നുചെല്ലുന്നതായി നടപടിഗ്രന്ഥം അവതരിപ്പിക്കുന്നത് (മത്താ 28,20; ലൂക്കാ 24,47; ശ്ലീഹ 1,8). പീലിപ്പോസിന്റെ സുവിശേഷപ്രഘോഷണ ഫലമായി സമറിയാനഗരത്തിൽ വലിയ സന്തോഷമുണ്ടായി എന്ന് എടുത്തുപറയുന്നു (8,8). മിശിഹായുടെ സുവിശേഷം സന്തോഷത്തിന്റെ സുവിശേഷമാണ് (ലൂക്കാ 2,10). സുവിശേഷസ്വീകരണവും വിശ്വാസവും ആത്യന്തികമായി നമുക്കു നല്കുന്നതും സന്തോഷമാണെന്നുള്ളത് ശ്രദ്ധിക്കപ്പെടേണ്ടതാണ് (യോഹ 15,11; 1 യോഹ 1,4).

പീലിപ്പോസിന്റെ സുവിശേഷപ്രഘോഷണമാണ് വിശ്വാസത്തിലേക്കും മാമ്മോദീസായിലേക്കും സമറിയാ പട്ടണനിവാസികളെ നയിച്ചത്. ദൈവരാജ്യത്തെക്കുറിച്ചും ഈശോമിശിഹായുടെ നാമത്തെക്കുറിച്ചുമാണ് പീലിപ്പോസ് പ്രസംഗിച്ചത്. ഈശോ പ്രസംഗിച്ചതും ഈ സുവിശേഷംതന്നെയായിരുന്നല്ലോ (മർക്കോ 1,14-15). പുരോഹിതൻ ഇന്നും സഭയിൽ നടത്തേണ്ട സുവിശേഷപ്രഘോഷണവും ഇതുതന്നെയാണ്. ദൈവത്തിന്റെ സ്നേഹത്തിന്റെ ഭരണത്തിൽ വിശ്വസിക്കുവാനും ആ ഭരണത്തിൻകീഴിലേക്ക് ജീവിതംകൊണ്ടു തിരിയുവാനുമുള്ള ആഹ്വാനമാണ് സുവിശേഷപ്രഘോഷണത്തിന്റെ അന്തഃസത്ത. അതുപോലെതന്നെ ജനക്കൂട്ടം പീലിപ്പോസിന്റെ വാക്കുകൾ കേൾക്കുകയും അവൻ പ്രവർത്തിച്ച അടയാളങ്ങൾ കാണുകയും ചെയ്തു എന്നാണ് പറയുന്നത് (8,6). കേൾവിയിലൂടെ വിശ്വാസത്തിലേക്കു വന്ന് അത്ഭുതങ്ങളെ ദൈവസ്നേഹത്തിന്റെ അടയാളങ്ങളായി തിരിച്ചറിയുന്ന സമീപനമാണ് ജനങ്ങളുടെ ഭാഗത്തുനിന്നുണ്ടാവേണ്ടത്. ഇന്നു പലപ്പോഴും മറിച്ചാണ് സംഭവിക്കുന്നത്. അത്ഭുതങ്ങൾ കണ്ട് വിശ്വസിക്കുന്ന ശൈലി. അത് ഈശോ അംഗീകരിക്കുന്നില്ല (യോഹ 2,23-25). സുവിശേഷപ്രഘോഷണത്തോടുള്ള ശരിയായ സമീപനം ജനങ്ങളിൽ ഉളവാക്കി സുവിശേഷപ്രഘോ

ഷണം നടത്തുവാൻ പുരോഹിതൻ ശ്രദ്ധിക്കണം.

**3. കൂദാശാജീവിതത്തിലൂടെ അരൂപിയിൽ വളരുന്ന സമൂഹം**

"*സമറിയാക്കാർ ദൈവവചനം സ്വീകരിച്ചുവെന്നു കേട്ടപ്പോൾ ജറുസലേമിലുള്ള ശ്ലീഹന്മാർ പത്രോസിനെയും യോഹന്നാനെയും അവരുടെയടുത്തേക്ക് അയച്ചു. അവർ ചെന്ന് അവിടെയുള്ളവർ പരിശുദ്ധാത്മാവിനെ സ്വീകരിക്കേണ്ടതിന് അവർക്കുവേണ്ടി പ്രാർത്ഥിച്ചു. കാരണം, അതുവരെ പരിശുദ്ധാത്മാവ് അവരിലാരുടെയുംമേൽ വന്നിരുന്നില്ല. അവർ കർത്താവായ ഈശോയുടെ നാമത്തിൽ മാമ്മോദീസാ സ്വീകരിക്കുക മാത്രമേ ചെയ്തിരുന്നുള്ളു. പിന്നീട്, അവരുടെമേൽ അവർ കൈകൾ വച്ചു; അവർ പരിശുദ്ധാത്മാവിനെ സ്വീകരിക്കുകയും ചെയ്തു*" (8,14-17).

സുവിശേഷപ്രചാരണംമൂലം വിശ്വാസികളുടെ സമൂഹങ്ങൾ നിലവിൽവന്ന സ്ഥലങ്ങൾ ശ്ലീഹന്മാർ നേരിട്ടോ പ്രതിനിധികൾ വഴിയോ സന്ദർശിച്ച് സഭയ്ക്ക് പൂർണ്ണതയും ഉറപ്പും വരുത്തുന്ന പതിവ് ഇവിടെ ആരംഭിക്കുന്നു എന്നു പറയാം. ഇതുപോലെയൊന്ന് അന്ത്യോക്യായിലെ സഭയിൽ നടന്നതായി ശ്ലീഹ 11,22 ൽ സൂചിപ്പിക്കുന്നുണ്ട്. സമറിയായിൽ സുവിശേഷപ്രഘോഷണത്തിലൂടെ സഭ രൂപംകൊണ്ട വിവരം അറിഞ്ഞപ്പോൾ ജറുസലേമിലെ സഭ പത്രോസിനെയും യോഹന്നാനെയും അവിടേക്കു നിയോഗിക്കുന്നു. അവർ അവിടെ ച്ചെന്ന് പരിശുദ്ധാത്മാവിനെ നല്കുന്ന കൈവയ്പു ശുശ്രൂഷ നടത്തുന്നു. കത്തോലിക്കാ സഭാപാരമ്പര്യത്തിൽ 'തൈലാഭിഷേക' അഥവാ 'സ്ഥൈര്യലേപന' കൂദാശയുടെ ബൈബിൾ അടിസ്ഥാനം ഇവിടെയാണ്. അതുകൊണ്ട് മാമ്മോദീസായിൽ പരിശുദ്ധാത്മാവ് നല്കപ്പെടുന്നില്ല എന്ന സൂചനയില്ല. വരദാനങ്ങളിലൂടെയുള്ള പരിശുദ്ധാത്മാവിന്റെ വരവിന്റെ അടയാളങ്ങൾ ഉണ്ടായില്ല എന്നുമാത്രം. പരിശുദ്ധാത്മാവിലുള്ള ജനനം മാമ്മോദീസായിൽത്തന്നെ നടക്കുന്നുണ്ട് (ശ്ലീഹ 2,38-39; യോഹ 3,5). എന്നാൽ പരിശുദ്ധാത്മാവിന്റെ ദാനങ്ങളും ഫലങ്ങളും അതിന്റെ പൂർണതയിൽ സ്വീകരിച്ച് ക്രിസ്തീ

യജീവിതത്തിൽ ഉറപ്പിക്കപ്പെടുന്നത് 'പൂർണതയുടെ കൂദാശ' എന്ന് സുറിയാനിപാരമ്പര്യത്തിൽ അറിയപ്പെടുന്ന തൈലാഭിഷേക കൂദാശയിലൂടെയാണ്.

ശ്ലീഹന്മാരുടെ കൈവയ്പുവഴി പരിശുദ്ധാത്മാവ് നല്കപ്പെട്ടതു കണ്ടപ്പോൾ ശിമയോൻ അവർക്കു പണം നല്കിക്കൊണ്ട് ഈ ശക്തി അയാൾക്കു നല്കുവാൻ ആവശ്യപ്പെട്ടു (8,18-19) എന്നതിന്റെ വെളിച്ചത്തിൽ ചിന്തിക്കുമ്പോൾ ഈ കൈവയ്പിലൂടെ നല്കപ്പെടുന്ന അരൂപിയെ വരദാനങ്ങളുടെ തലത്തിലും മനസ്സിലാക്കാം. അയാൾ മാന്ത്രികനായിരുന്നതുകൊണ്ട് അരൂപിയെ അസാധാരണത്വത്തിൽ കണ്ടതുകൊണ്ടായിരിക്കാം അപ്രകാരം ചോദിക്കുവാനിടയായത്. അപ്രകാരം അരൂപിയെ മനസ്സിലാക്കുന്നത് തെറ്റാണെന്ന് പത്രോസിന്റെ വാക്കുകളിൽ വ്യക്തമാണ് (8,20-23). വരദാനങ്ങളിലുള്ള വളർച്ചയായി അരൂപിയിലുള്ള വളർച്ചയെ തെറ്റിദ്ധരിക്കുന്ന സാഹചര്യം ഇന്ന് സഭാസമൂഹത്തിലുണ്ട്. അത് ശരിയായ അരൂപിയിലുള്ള ജീവിതത്തിനും വളർച്ചയ്ക്കും തടസ്സം സൃഷ്ടിക്കും. അരൂപിയിലുള്ള വളർച്ച വരദാനങ്ങളെക്കാളുപരി വിശുദ്ധിയിലുള്ള വളർച്ചയാണ്: അതായത്, അരൂപിയുടെ ദാനങ്ങളിലും ഫലങ്ങളിലുമുള്ള വളർച്ച. ഇത് കൂദാശാജീവിതത്തിലൂടെയുമാണ് ഉണ്ടാകേണ്ടത്. കൂദാശകളുടെ കൂദാശയായ പരിശുദ്ധ കുർബാനാനുഭവത്തിലൂടെയും മറ്റു കൂദാശകളിലൂടെയും വിശുദ്ധിയിൽ വളർന്നുകൊണ്ടാണ് അരൂപിയിലുള്ള ശരിയായ വളർച്ചയുണ്ടാകേണ്ടത്. ആ വിധത്തിൽ സഭാസമൂഹത്തെ ബോധവൽക്കരിക്കുവാൻ പുരോഹിതനു കഴിയണം.

**4. ശ്ലൈഹികാധികാരികതയോടെ വചനം സ്വീകരിക്കുന്ന സമൂഹം**

"*രഥത്തിലിരുന്ന് അവൻ ഏശയ്യായുടെ പ്രവചനം വായിച്ചുകൊണ്ടിരുന്നു. ആത്മാവ് പീലിപ്പോസിനോടു പറഞ്ഞു: ആ രഥത്തെ സമീപിച്ച്, അതിനോടു ചേർന്നു നടക്കുക. പീലിപ്പോസ് അവന്റെയടുക്കൽ ഓടിയെത്തി. അവൻ ഏശയ്യായുടെ പ്രവചനം വായിക്കുന്നതുകേട്ട്, ചോദിച്ചു: വായിക്കുന്നതു നിനക്കു മനസ്സിലാകുന്നുണ്ടോ? അവൻ പ്രതിവചിച്ചു: ആരെങ്കിലും വ്യാഖ്യാനിച്ചുതരാതെ എങ്ങനെ*

*യാണു ഞാൻ മനസ്സിലാക്കുക? രഥത്തിൽക്കയറി തന്നോടുകൂടെ യിരിക്കാൻ പീലിപ്പോസിനോട് അവൻ അപേക്ഷിച്ചു*" (8,28-31).

'കർത്താവിന്റെ ദൂതൻ' ജറുസലേമിൽനിന്നു ഗാസായിലേക്കുള്ള പാതയിൽ എത്താനും, 'കർത്താവിന്റെ അരൂപി' ഷണ്ഡൻ യാത്ര ചെയ്തിരുന്ന രഥത്തോടു ചേർന്നു നടക്കാനും പീലിപ്പോസിനോട് ആവശ്യപ്പെടുന്നു (8,26.29). അതിൻപ്രകാരം ചെയ്തപ്പോൾ ഏശയ്യായുടെ പ്രവചനം വായിച്ചുകൊണ്ടിരുന്ന ഷണ്ഡൻ ആവശ്യപ്പെട്ടതനുസരിച്ച് പീലിപ്പോസ് രഥത്തിൽ കയറിയിരുന്ന് അതു വ്യാഖ്യാനിച്ചുകൊടുക്കുകയും അതിനൊടുവിൽ അയാൾ വെള്ളം കണ്ടിടത്തുവച്ച് സ്നാനം സ്വീകരിക്കുകയും ചെയ്യുന്നു (8,26-38). 'കർത്താവിന്റെ ദൂതൻ', 'അരൂപി' എന്ന രണ്ടു പ്രയോഗങ്ങളുടെയും അർത്ഥം ഒന്നുതന്നെയാണ്. ദൈവാരൂപിയാൽ നയിക്കപ്പെട്ടാണ് പീലിപ്പോസ് ഷണ്ഡന് വചനം വ്യാഖ്യാനിച്ചുകൊടുത്തതും അയാൾക്കു സ്നാനം നല്കിയതും. ബൈബിൾ ദൈവനിവേശിതമാണ്. അത് വായിക്കേണ്ടതും വ്യാഖ്യാനിക്കേണ്ടതും സ്വീകരിക്കേണ്ടതും അരൂപിയാൽ നയിക്കപ്പെട്ടുതന്നെയാണ്. അപ്രകാരം വചനം സ്വീകരിച്ച് സ്നാനം സ്വീകരിച്ചവരുടെ സമൂഹമാണ് സഭ.

ഈ വചനസ്വീകരണം നിരന്തരമായി നടക്കുന്നതും നടക്കേണ്ടതുമായ ഒരു സമൂഹമാണ് സഭ എന്ന് നടപടിഗ്രന്ഥത്തിൽ എടുത്തു പറയുന്നു: "അവർ ശ്ലീഹന്മാരുടെ പ്രബോധനം ... എന്നിവയിൽ സദാ താല്പര്യപൂർവം പങ്കുചേർന്നു" (ശ്ലീഹ 2,42). വചനപഠനവും സ്വീകരണവും അരൂപിയാൽ നയിക്കപ്പെട്ടായിരിക്കണം എന്നതിന്റെ സൂചനയാണ്, അത് ശ്ലൈഹികപ്രബോധനത്തിന്റെ അടിസ്ഥാനത്തിലാണെന്നുള്ളത്. പന്ത്രണ്ടു ശ്ലീഹന്മാരാണല്ലോ അരൂപിയിൽ രൂപംകൊണ്ട സഭാസമൂഹത്തിന്റെ അടിസ്ഥാനം (എഫേ 2,20). അതുകൊണ്ട് ശ്ലൈഹികാധികാരികതയോടെയായിരിക്കണം വചനപഠനവും സ്വീകരണവും നടക്കേണ്ടത്. ശ്ലൈഹികശുശ്രൂഷയിൽ പങ്കുചേർന്ന പീലിപ്പോസിനെ ഷണ്ഡന്റെ വചനപഠനത്തിനും സ്വീകരണത്തിനുമായി അരൂപി പറ

ഞ്ഞയച്ചത് ഇതിന്റെ സൂചനയായി കരുതാം. അതുകൊണ്ട് പുരോഹിതൻ ശ്ലൈഹികപാരമ്പര്യത്തിന്റെ ആധികാരികതയോടെ വചനം പഠിക്കുന്നവനും പഠിപ്പിക്കുന്നവനുമായിരിക്കണം. അത് സാദ്ധ്യമാകണമെങ്കിൽ പുരോഹിതൻ സഭയുടെ വിശ്വാസത്തിന്റെ വെളിച്ചത്തിൽ പ്രാർത്ഥനാപൂർവം വചനം പഠിക്കുന്നവനും ധ്യാനിക്കുന്നവനും സഭയിൽ വചനശുശ്രൂഷ നിർവഹിക്കുന്നവനുമായിരിക്കണം.

**5. മാമ്മോദീസാ സ്വീകരിച്ച വിശ്വാസികളുടെ സമൂഹം**

"*അവർ പോകുമ്പോൾ ഒരു ജലാശയത്തിങ്കലെത്തി. അപ്പോൾ ഷണ്ഡൻ പറഞ്ഞു: ഇതാ വെള്ളം; എന്നെ ജ്ഞാനസ്നാനപ്പെടുത്തുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ? രഥം നിർത്താൻ അവൻ ആജ്ഞാപിച്ചു. അവർ ഇരുവരും വെള്ളത്തിലിറങ്ങി. പീലിപ്പോസ് ഷണ്ഡന് സ്നാനം നല്കി*" (8,36-38).

എത്യോപ്യൻ ഷണ്ഡൻ ചോദിച്ചത്, അയാൾ വായിച്ചുകൊണ്ടിരുന്ന ഏശ 53,7 മുതലുള്ള ഭാഗം ആരെക്കുറിച്ചാണെന്നാണ്. അത് സഹനദാസനായ ഈശോയെക്കുറിച്ചാണെന്നു വ്യാഖ്യാനിച്ചു കൊടുത്തുകൊണ്ടാണ് പീലിപ്പോസ് അയാളോട് സുവിശേഷം പ്രഘോഷിച്ചത്. പ്രവാചകൻ പറയുന്നതുപോലെ, മനുഷ്യരുടെ പാപങ്ങൾ ക്ഷമിക്കുകയും അകൃത്യങ്ങളെ ചുമക്കുകയും അനർഹമായവിധം പീഢയും മരണവും അനുഭവിക്കുകയും ചെയ്തതുവഴി ഈശോയിലൂടെ സർവമനുഷ്യർക്കും പാപമോചനവും രക്ഷയും പ്രാപിക്കാമെന്നും, അവിടുന്ന് അപ്രകാരം സകലർക്കും ജീവന്റെ മാർഗ്ഗം തുറന്നുവെന്നും പറഞ്ഞുകൊണ്ടുള്ള പീലിപ്പോസിന്റെ പ്രഘോഷണം ഷണ്ഡന്റെ ഹൃദയത്തെ സ്പർശിച്ചു. ഈശോയുടെ സുവിശേഷം സ്വീകരിച്ച് മാമ്മോദീസാ സ്വീകരിക്കുവാൻ അയാൾ തയ്യാറായി. പോകുംവഴി വെള്ളംകണ്ട സ്ഥലത്തു രഥം നിർത്തി പീലിപ്പോസ് അയാൾക്ക് മാമ്മോദീസാ നല്കുകയും ചെയ്തു.

ഷണ്ഡൻ പീലിപ്പോസിനോട്, തന്നെ മാമ്മോദീസാ മുക്കുവാൻ എന്തെങ്കിലും തടസ്സമുണ്ടോ എന്നു ചോദിച്ചപ്പോൾ, "പീലിപ്പോസ് പറഞ്ഞു: നീ പൂർണഹൃദയത്തോടെ വിശ്വസിക്കുന്നെങ്കിൽ നിനക്കു

സ്വീകരിക്കാം. അപ്പോൾ അവൻ പ്രതിവചിച്ചു: ഈശോമിശിഹാ ദൈവപുത്രനാണെന്ന് ഞാൻ വിശ്വസിക്കുന്നു" എന്ന് ചില കയ്യെഴുത്തുപ്രതികളിൽ 37-ാം വാക്യമായി കാണുന്നുണ്ട്. മാമ്മോദീസായുടെ സന്ദർഭത്തിൽ സഭയുടെ വിശ്വാസം ഏറ്റുപറയുന്ന പതിവ് ആരംഭം മുതലേ ഉണ്ടായിരുന്നു എന്നതിന്റെ സൂചനയായി ഇതിനെ കരുതാവുന്നതാണ്. "ഈശോ കർത്താവാണ് എന്നത് സഭയുടെ ആദിമവിശ്വാസപ്രമാണമായിരുന്നു (1 കൊറി 12,3). യഹൂദപാരമ്പര്യത്തിൽ സമൂഹത്തിലെ അംഗത്വത്തിന് ഷണ്ഡത്വം തടസ്സമായിരുന്നെങ്കിൽ (നിയ 23, 2) ക്രിസ്തീയ പാരമ്പര്യത്തിൽ വിശ്വാസമുള്ളവർക്ക് മറ്റൊന്നും പ്രതിബന്ധമല്ല. ക്രൈസ്തവജീവിതത്തിന്റെ അന്തഃസത്ത വിശ്വാസജീവിതമാണ്. മാമ്മോദീസായിൽ സഭയുടെ വിശ്വാസത്തിലേക്കാണ് ഒരു വ്യക്തി പ്രവേശിക്കുന്നത്. അതുകൊണ്ട് സഭയുടെ വിശ്വാസപരിശീലനം തന്റെ ശുശ്രൂഷയുടെ അടിസ്ഥാനസ്വഭാവമായി പുരോഹിതൻ കരുതണം.

**ജീവിതസൂചിക**

1. അരൂപിയിൽ ശക്തിപ്രാപിച്ച് സഹനങ്ങളിലൂടെ വളരുന്ന ഒരു സമൂഹമായി സഭാതനയരെ പരിശീലിപ്പിക്കുവാൻ ഞാൻ ശ്രമിക്കുന്നുണ്ടോ?
2. മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിച്ചും ദൈവം നല്കുന്ന അടയാളങ്ങൾ തിരിച്ചറിഞ്ഞും ജീവിക്കുവാൻ ഞാൻ ജനങ്ങളെ പരിശീലിപ്പിക്കുന്നുണ്ടോ?
3. കൂദാശാജീവിതത്തിലൂടെ അരൂപിയിൽ വളരുന്ന സമൂഹമായി സഭയെ കെട്ടിപ്പടുക്കുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?
4. ശ്ലൈഹികപാരമ്പര്യത്തിന്റെ ആധികാരികതയോടെ വിശുദ്ധ ഗ്രന്ഥം പഠിക്കുവാനും പഠിപ്പിക്കുവാനും ഞാൻ ശ്രമിക്കുന്നുണ്ടോ?
5. മാമ്മോദീസായും വിശ്വാസജീവിതവും തമ്മിലുള്ള ബന്ധം ജനങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?

# വാർത്തകൾ

## 'കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥ'ത്തിലെ 2267-ാം ഖണ്ഡികയുടെ പുനഃസംശോധനം

# വധശിക്ഷ അനുവദനീയമല്ല

## റിനൊ ഫിസിച്ചെല്ലാ

വധശിക്ഷയെ ആവർത്തിച്ച് അപലപിക്കാൻ ഫ്രാൻസീസ് മാർപാപ്പ ഉപയോഗിച്ച വ്യക്തവും നിർണ്ണായകവുമായ വാക്കുകൾ ഇനി മുതൽ 'കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥ'ത്തിലും പ്രതിഫലിക്കും. മതബോധനഗ്രന്ഥ പ്രസിദ്ധീകരണത്തിന്റെ ഇരുപത്തിയഞ്ചാം വാർഷികം പ്രമാണിച്ച് ഈ വിഷയം കഴിഞ്ഞ ഒക്ടോബറിലെ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പരമാചാര്യൻ സ്പഷ്ടമായി അഭിസംബോധന ചെയ്തു. പ്രസ്തുത വിഷയം 'മതബോധനഗ്രന്ഥത്തിൽ "കൂടുതൽ പര്യാപ്തവും ഉചിതവുമായ ഒരു പ്രതിപാദനം" കണ്ടെത്തണമെന്ന് അദ്ദേഹം ദൃഢമായി പ്രസ്താവിച്ചു. മുൻ പ്രബോധനാധികാരത്തിന്റെ തുടർച്ചയായി, വിശേഷിച്ച് ജോൺ പോൾ രണ്ടാമന്റെയും ബെനഡിക്ട് പതിനാറാമന്റെയും പ്രസ്താവനകളോടു ചേർന്ന്, വ്യക്തിയുടെ അന്തസ്സിന് ഊന്നൽ നൽകാൻ മാർപാപ്പ ആഗ്രഹിച്ചു. വ്യക്തി ഒരു തരത്തിലും അപമാനിക്കപ്പെടാനോ ബഹിഷ്കരിക്കപ്പെടാനോ പാടില്ല. "വധശിക്ഷ മനുഷ്യത്വരഹിതമായ ഒരു നടപടിയാണെന്ന് സ്പഷ്ടമായി പ്രസ്താവിക്കേണ്ടതുണ്ട്. എങ്ങനെ നടപ്പിലാക്കിയാലും അത് മാനുഷികാന്തസ്സിനെ ദുരുപയോഗിക്കുന്നു. അത് അതിനാൽത്തന്നെ സുവിശേഷത്തിനു വിരുദ്ധമാണ്."

അതുകൊണ്ട് "മതബോധനഗ്രന്ഥ'ത്തിലെ 2267-ാം ഖണ്ഡികയുടെ പുതിയ രൂപവത്കരണത്തോടുകൂടി, ഓരോ വ്യക്തിയുടെയും അന്തസ്സ് പ്രോത്സാഹിപ്പിക്കുന്നതിൽ, തിരുസഭ നിർണ്ണായകമായ ഒരു ചുവടുവയ്ക്കുന്നു. അവൻ അല്ലെങ്കിൽ അവൾ എന്തു കുറ്റം ചെയ്താലും, അവർക്ക് വധശിക്ഷ നൽകുന്നതിനെ തിരുസഭ ശക്തമായി

അപലപിക്കുന്നു. സഭയുടെ നിലപാട് മാറ്റം ഔദ്യോഗികമാക്കിക്കൊണ്ട് മതബോധനഗ്രന്ഥത്തിൽ ചില ഭേദഗതികൾ വരുത്തി. പ്രസ്തുത ഭേദഗതികൾ വിശ്വാസികളുടെ ജീവിതത്തിൽ, വിശേഷിച്ച് വധശിക്ഷ ഇപ്പോഴും പ്രാബല്യത്തിലുള്ള അസംഖ്യം രാജ്യങ്ങളിൽ കൂടുതൽ ഉത്തരവാദിത്തമുള്ള പ്രതിബദ്ധതയ്ക്ക് വഴിതെളിക്കും.

## വിഗ്രഹങ്ങളുടെ വിശാലമായ വില്പനശാല : ഫ്രാൻസിസ് മാർപാപ്പ

"ആത്മാർത്ഥമായി സ്നേഹിക്കുന്നതിന് നാം എല്ലാ വിഗ്രഹങ്ങളിൽനിന്നും സ്വതന്ത്രരായിരിക്കണം" എന്ന് ഓഗസ്റ്റ് ഒന്നാം തീയതി ബുധനാഴ്ച പൊതുദർശനത്തിനായി പോൾ ആറാമൻ ഹാളിൽ ഒത്തുചേർന്ന വിശ്വാസഗണത്തോട് പരിശുദ്ധ പിതാവ് പറഞ്ഞു.

ഏതുതരം യാഥാർത്ഥ്യത്തിന്റെയും വിഗ്രഹങ്ങളോ പ്രതിരൂപങ്ങളോ സ്ഥാപിക്കുന്നതിൽനിന്നും ഒന്നാം പ്രമാണം നമ്മെ വിലക്കുന്നു. വാസ്തവത്തിൽ ഏതു കാര്യത്തെയും ഒരു വിഗ്രഹമെന്നനിലയിൽ ഉപയോഗപ്പെടുത്താം. ദൈവവിശ്വാസികളെയും നിരീശ്വരവാദികളെയും ഒരുപോലെ ബാധിക്കുന്ന ഒരു മാനുഷികപ്രവണതയെക്കുറിച്ചാണ് നാം സംസാരിക്കുന്നത്. ഉദാഹരണമായി, ക്രൈസ്തവരായ നമുക്ക് സ്വയം ചോദിക്കാം. ആരാണ് യഥാർത്ഥത്തിൽ എന്റെ ദൈവം? എന്റെ ദൈവം ഏകനും ത്രിത്വവുമായ സ്നേഹമാണോ? അതോ എന്റെ ദൈവം, ഒരുവേള തിരസ്സഭയിൽത്തന്നെയുള്ള എന്റെ തന്നെ പ്രതിഛായയാണോ. വ്യക്തിപരമായ വിജയമാണോ? "വിഗ്രഹാരാധന അവിശ്വാസികളുടെ മിഥ്യയായ ആരാധനയെ മാത്രമല്ല സൂചിപ്പിക്കുന്നത്. അത് വിശ്വാസത്തിനെതിരായ ഒരു സ്ഥിരം പ്രലോഭനമായി നിലനിൽക്കുകയും ചെയ്യുന്നു. ദൈവമല്ലാത്തതിനെ ദൈവമാക്കുന്നതിലാണ് വിഗ്രഹാരാധന അടങ്ങിയിരിക്കുന്നത്" (കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം നം. 2113).

വിഗ്രഹങ്ങൾ അടിമപ്പെടുത്തുന്നു. അവ ആനന്ദം വാഗ്ദാനം ചെയ്യുന്നു. എന്നാൽ അത് പ്രദാനം ചെയ്യുന്നില്ല. വിഗ്രഹങ്ങൾ ജീവൻ

വാഗ്ദാനം ചെയ്യുന്നു. എന്നാൽ, വാസ്തവത്തിൽ അവ ജീവനെ കവർന്നെടുക്കുകയാണ് ചെയ്യുന്നത്. യഥാർത്ഥ ദൈവം ജീവൻ ആവശ്യപ്പെടുന്നില്ല. മറിച്ച്, ഒരു ദാനമായി ജീവൻ പ്രദാനം ചെയ്യുന്നു. സത്യദൈവം വാഗ്ദാനം ചെയ്യുന്നത് നമ്മുടെ വിജയത്തിന്റെ ഒരു മാനസികപരികൽപ്പനയല്ല. മറിച്ച്, എങ്ങനെ സ്നേഹിക്കണമെന്നു നമ്മെ അവിടുന്ന് അഭ്യസിപ്പിക്കുന്നു. നമ്മുടെ സന്താനങ്ങളെ അവിടുന്ന് തനിക്കായി ആവശ്യപ്പെടുന്നില്ല. മറിച്ച്, നമുക്കായി സ്വപുത്രനെത്തന്നെ അവിടുന്ന് നൽകുന്നു. വിഗ്രഹങ്ങൾ ഭാവിയെക്കുറിച്ചുള്ള അനുമാനങ്ങളുടെ കൃത്രിമപദ്ധതികൾ അവതരിപ്പിക്കുകയും, നമ്മെക്കൊണ്ട് വർത്തമാനകാലത്തെ നിന്ദിപ്പിക്കുകയും ചെയ്യുന്നു. അനുദിനജീവിത യാഥാർത്ഥ്യത്തിൽ, പ്രായോഗികമായ രീതിയിൽ എങ്ങനെ ജീവിക്കണമെന്ന് സത്യദൈവം നമ്മെ അഭ്യസിപ്പിക്കുന്നു.

ഒരു വസ്തുവിനോടോ, ഒരു ആശയത്തോടെ, അമിതപ്രതിപത്തിയുണ്ടാകുമ്പോൾ നാം സ്നേഹിക്കാനാവാത്തവിധം അന്ധത ബാധിച്ചവരായിത്തീരുന്നു.

വിഗ്രഹങ്ങൾ നമ്മിൽ നിന്നും സ്നേഹത്തെ കവർന്നെടുക്കുന്നു, വിഗ്രഹങ്ങൾ നമ്മെ സ്നേഹിക്കാനാകാത്തവിധം അന്ധരാക്കുന്നു. ആത്മാർത്ഥമായി സ്നേഹിക്കുന്നതിന് നാം എല്ലാ വിഗ്രഹങ്ങളിൽനിന്നും സ്വതന്ത്രരായിരിക്കണം.

എന്റെ വിഗ്രഹം ഏതാണ് അതിനെ നീക്കം ചെയ്യുകയും ജനാലയിലൂടെ പുറത്തേയ്ക്ക് എറിഞ്ഞുകളയുകയും ചെയ്യുക.